# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com

PH:8089036090

KSFDC

കേരള ഭാഗ്യക്കുറി

വോള്യം -8 | ലക്കം -136 | മാർച്ച് 2025 | മലയാളം - ഇംഗ്ലീഷ്


**Filca Film Society, in association with Joint Council - Nanma Film Society, Lottery Dept. , KSFDC, Kerala Chalachithra Academy, Beam Film Society, Yuvakala Sahithi, IFFFT - Janasamskara Thrissur,Senior Citizens Service Council and other organizations**

# ARCHITECTURE AND WORLD CINEMA

**Seminar & Awards to winners of article writing on Architecture and Culture.**

## Chief Guests



Dr.Prof. Ashalatha Thampuran



Senior Architect Thomas Panikkar

**10:00 AM**




THE GRAND BUDAPEST HOTEL (USA) DIR. WES ANDERSON

**11:50 AM**




THE FOUNTAINHEAD (USA) DIR. KING VIDOR

**Joint Council Hall, Near Press Club, Trivandrum.**

**23rd SUNDAY MARCH 2025**

**03:00 PM**




EIFFEL (FRANCE) DIR. MARTIN BOURBOULON

**06:15 PM**




THE BELLY OF AN ARCHITECT (UK-ITALY) DIR. PETER GREENAWAY

**All are welcomed | (Admission to people who are above 18 years old) | Free Entry**


സമ്മർ ബമ്പർ
ഭാഗ്യക്കുറി 2025
ഇപ്പോൾ വിപണിയിൽ
കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
SUMMER BUMPER LOTTERY 2025
B R 10 2 SA, SB, SC, SD, SE, SG series
രണ്ടാം സമ്മാനം ₹50 ലക്ഷം COMMON TO ALL SERIES
മൂന്നാം സമ്മാനം ₹5 ലക്ഷം ഓരോ പരമ്പരയിലും 2 വീതം ആകെ ₹60 ലക്ഷം
നാലാം സമ്മാനം ₹1 ലക്ഷം അവസാന അഞ്ചക്കത്തിന്
ഒന്നാം സമ്മാനം ₹10 കോടി
COMMON TO ALL SERIES
കൂടാതെ 5000, 2000, 1000, 500 രൂപയുടെ നിരവധി സമ്മാനങ്ങൾ
ടിക്കറ്റ് വില ₹250
DATE OF DRAW 02-04-2025, 2pm


സൗഭാഗ്യം
ഇപ്പോൾ എല്ലാ ദിവസവും
തിങ്കൾ വിൻവിൻ ഒന്നാം സമ്മാനം ₹75 ലക്ഷം ടിക്കറ്റ് വില 40 രൂപ
ചൊവ്വ സ്ത്രീശക്തി ഒന്നാം സമ്മാനം ₹75 ലക്ഷം ടിക്കറ്റ് വില 40 രൂപ
ബുധൻ ഫിഫ്റ്റി ഫിഫ്റ്റി ഒന്നാം സമ്മാനം ₹1 കോടി ടിക്കറ്റ് വില 50 രൂപ
ഞായർ അക്ഷയ ഒന്നാം സമ്മാനം ₹70 ലക്ഷം ടിക്കറ്റ് വില 40 രൂപ
വ്യാഴം കാരുണ്യ പ്ലസ് ഒന്നാം സമ്മാനം ₹80 ലക്ഷം ടിക്കറ്റ് വില 40 രൂപ
വെള്ളി നിർമൽ ഒന്നാം സമ്മാനം ₹70 ലക്ഷം ടിക്കറ്റ് വില 40 രൂപ
ശനി കാരുണ്യ ഒന്നാം സമ്മാനം ₹80 ലക്ഷം ടിക്കറ്റ് വില 40 രൂപ
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം
For draw results: www.statelottery.kerala.gov.in


കാഴ്ചകളുടെ
ലോകത്തിലൂടെ
വിജ്ഞാനത്തിലേക്ക്
ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി

March Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society



ARCHITECTURE AND WORLD CINEMA FILM FESTIVAL

KSFDC

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE March2025

INDEX

1. The metempsychosis of architecture and film structure
ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 13


2. ചലച്ചിത്രകലയിലെ വാസ്തുവിദ്യ
–സാബു ശങ്കർ (ഫിൽക്ക) 15


3. The new perspective on residential architecture in Kerala.
– ഡോ.പ്രൊഫ. ബിനുമോൾ ടോം. 17



4. ഓർമ്മകളിലെ രമ്യഹർമ്മ്യം
– ഷീബാ. എസ്. ജെയിംസ് ( ഫിൽക്ക ) . 23


5. വെസ്സി വെയിൽസ് ആർഡേഴ്സൺ (ദ ഗ്രേറ്റ് ബുഡാപെസ്റ്റ് ഹോട്ടൽ)
–ഗിരിജ സുരേന്ദ്രൻ (ഫിൽക്ക) 26



6. സ്വാതന്ത്ര്യത്തിന്റെ അംബരചുംബികൾ,വാസ്തുശിൽപിയുടെ വ്യക്തിത്വമാനങ്ങൾ
– ഡോ. പി. അജികുമാർ (ഫിൽക്ക) 29


7. കിംഗ് വിഡോർ പുനരാവിഷ്കാരത്തിൽ ദീർഘവീക്ഷണമുള്ള സംവിധായകൻ
– ഡോ.സി.കെ.അനിൽകുമാർ (ഫിൽക്ക) 33


8. പ്രണയ ഗോപുരത്തിന്റെ ആദ്യാക്ഷരം
–വിനോദ്കുമാർ. പി (ഫിൽക്ക.) 36


9. മാർട്ടിൻ ബോർബുലോൺ (ഈഫൽ)
–രാജാംബിക എസ്. എസ് (ഫിൽക്ക) 39


10. വാസ്തുകലയുടെ വ്യത്യസ്ത ലോകങ്ങൾ, സമാന്തര ബന്ധങ്ങൾ
–പി.എസ്. ജ്യോതിഷ് കുമാർ (ഫിൽക്ക) 41


11. പീറ്റർ ഗ്രീനവേ
– സുരേഷ്കുമാർ.സി (ബീം ഫിലിം സൊസൈറ്റി) 43


12. വിശ്വ ഡോക്യുമെന്ററി – ഹ്രസ്വചിത്ര രംഗത്തെ സ്ത്രീ സാന്നിധ്യം
–ജോൺ തോമസ് (ഫിൽക്ക) 44


13. തണുത്തുറഞ്ഞ അഗ്നിപർവ്വതങ്ങൾ
–സഞ്ജു കളപ്പുരയ്ക്കൽ (ഫിൽക്ക) 48


14. Changes brought about by Time In Architecture and Habitation.
– അനീഷ് രവി 50


15. വാസ്തുവിദ്യയും സംസ്കാരവും
–നിമിഷ ഹെലൻ 52


Website:www.filca.in Email:filcakerala@gmail.com

# FILM VISION

## FILCA Film Society' s Monthly Film Festival

### Architecture and World Cinema

Filca Film Society, in association with Joint Council - Nanma Film Society, Lottery Dept. , KSFDC, Kerala Chalachithra Academy, Beam Film Society, Yuvakala Sahithi,IFFFT - Janasamskara Thrissur, Senior Citizens Service Council and other organizations

| 23 SUNDAY , March, 2025 | SCREENING SCHEDULE | Joint Council Building, Near Press Club ,Trivandrum. |
|---|---|---|

F I L C A

10 AM
**THE GRAND BUDAPEST HOTEL**
GERMANY-USA/ 2014/ 100 MINS
**DIR: WES ANDERSON**




11:50 AM
**THE FOUNTAINHEAD**
USA / 1949 / 112 MINS
**DIR: KING VIDOR**




3:00 PM
**EIFFEL**
FRANCE / 2021 / 108 MINS
**DIR: MARTIN BOURBOULON**




5:00 PM
**Seminar / The Architecture and Culture Award Distribution to winners**

6:15 PM
**THE BELLY OF AN ARCHITECT**
UK - ITALY / 1987 / 120 MINS
**DIR: DIR. PETER GREENAWAY**




FILCA film society, | filcakerala@gmail.com | www.filca.in | PH: 80890 36090

# FILM VISION

filca

കേരള ഭാഗ്യക്കുറി

**PROGRAM INAUGURATION:**

Joint Council A/C Hall,
Near Press Club,
Trivandrum.

**23rd SUNDAY MARCH 2025**

Filca Film Society, in association with Joint Council - Nanma Film Society, Lottery Dept., KSFDC, Kerala Chalachithra Academy, Beam Film Society, Yuvakala Sahithi, IFFFT - Janasamskara Thrissur, Senior Citizens Service Council and other organizations


## ARCHITECTURE AND WORLD CINEMA

**Seminar & Awards to winners of article writing on Architecture and Culture.**

F i l c a

5:00 PM

Inauguration & Seminar



**Presided over** : **DR. B. RADHAKRISHNAN**
( President, Filca Film Society.)



**Inauguration** : **JAYACHANDRAN KALLINKAL**
(State General Secretary, Joint Council -Nanma film society)



**Preface** : "ചലച്ചിത്രകലയിലെ വാസ്തുവിദ്യയും നാല് സിനിമകളും"
: **SABU SANKAR**
(Novelist , Film Author, Director, Chief correspondent to Nerkazhcha Weekly America, Samiksha Magazine Canada and LIMA world library, London ).



**Talk by** : "വാസ്തു വിദ്യയും കേരള സമൂഹവും"
: **Dr. Prof. ASHALATHA THAMPURAN**
(Rtd. Principal , CET, and Rtd. Exe. Dir. Mohandas College of Engi.& Technology )



**Honouring:** : **Senior Architect THOMAS PANIKKAR**

**Prize distribution.** :



**Gratitude** : **VINODKUMAR.P**
(Treasurer, Filca Film Society )

free entry | (admisson to people are above 18 years old) | all are welcomed

# Honouring the senior-most architect...



## Architect Thomas Panikkar

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ARCHITECTURE AND WORLD CINEMA FILM FESTIVAL
KSFDC



# ARCHITECTURE AND WORLD CINEMA FILM FESTIVAL

## Architecture and Culture: Article competition. March 2025.



Aneesh. R. K.
Consolation Prize 1



NIMISHA HELEN
Participation Prize 1



APARNA
Participation Prize 2



ANAMIKA
Participation Prize 3


BHIMA
GOLD • DIAMONDS • SILVER • PLATINUM
INDIA - UAE
+91 99472 54777
USP
URBANSCAPE PROPERTIES
A BHIMA INITIATIVE
A USP HOME - AN INVESTMENT IN TRUST AND QUALITY!
If you are keen on buying a home in Trivandrum choose - Urbanscape Properties, part of the unmatched 100 year legacy of Bhima.
ONGOING WORK IN FULL SWING
SOLITAIRE
VATTIYOORKAVU
2 & 3 BHK DESIGNER APARTMENTS
K-RERA/PRJ/TVM/192/2022
MIDTOWN
PREMIUM LUXURY APARTMENTS
KAZHAKOOTTAM
2 & 3 BHK PREMIUM APARTMENTS
K-RERA/PRJ/TVM/073/2024
ONGOING WORK IN FULL SWING
ONGOING WORK IN FULL SWING
DIVINITY
CLASSIC HOMES BY BHIMA
POTHENCODE
3 & 4 BHK PREMIUM LUXURY VILLAS
IN 5, 6 & 7 CENTS
PREMIUM GATED COMMUNITY
K-RERA/PRJ/TVM/223/2023
ALL PROJECT LANDS OWNED BY USP
rera.kerala.gov.in
URBANSCAPE PROPERTIES
Ruby Plaza, 3rd & 4th Floors, Vellayambalam - Sasthamangalam Road, Vellayambalam, Thiruvananthapuram - 695010
urbanscapepropertiesofficial @urbanscapeproperties urbanscapeproperties.com
CREDAI

March Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society


10

ARCHITECTURE AND WORLD CINEMA FILM FESTIVAL

KSFDC



# വാസ്തുവിദ്യയും ലോകസിനിമയും











വിശിഷ്ടാതിഥികൾ സീനിയർ ആർക്കിടെക്റ്റ് പ്രൊഫ. തോമസ് പണിക്കർ , പ്രൊഫ. ഡോ. ആശാലത തമ്പുരാൻ , അതിഥി - ആർക്കിടെക്റ്റ് ജി. ശങ്കർ , അധ്യക്ഷൻ ഡോ. ബി. രാധാകൃഷ്ണൻ , ഉദ്ഘാടകൻ ജയശ്ചന്ദ്രൻ കല്ലിങ്കൽ, ചലച്ചിത്ര നിരൂപകൻ - നോവലിസ്റ്റ് സാബു ശങ്കർ, നടി - വൈസ് പ്രസിഡന്റ് ഗിരിജ സുരേന്ദ്രൻ കവയിത്രി - മാഗസിൻ അസോസിയേറ്റ് എഡിറ്റർ രാജാംബിക. എസ്.എസ്, ജോയിന്റ് സെക്രട്ടറി ജ്യോതിഷ്കുമാർ, ലേഖന വിജയികൾ അനീഷ് , നിമിഷ ഹെലൻ , അനാമിക തുടങ്ങിയവർ.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ARCHITECTURE AND WORLD CINEMA FILM FESTIVAL
KSFDC
filca



# വാസ്തുവിദ്യയും ലോകസിനിമയും
















വിശിഷ്ടാതിഥികൾ സീനിയർ ആർക്കിടെക്റ്റ് പ്രൊഫ. തോമസ് പണിക്കർ , പ്രൊഫ. ഡോ. ആശാലത തമ്പുരാൻ , അധ്യക്ഷൻ ഡോ. ബി. രാധാകൃഷ്ണൻ , ഉദ്ഘാടകൻ ജയശ്ചന്ദ്രൻ കല്ലിങ്കൽ , ചലച്ചിത്ര നിരൂപകൻ - നോവലിസ്റ്റ് സാബു ശങ്കർ, നടി - വൈസ് പ്രസിഡന്റ് ഗിരിജ സുരേന്ദ്രൻ, കവയിത്രി - മാഗസിൻ അസോസിയേറ്റ് എഡിറ്റർ രാജാംബിക. എസ്.എസ്, ജോയിന്റ് സെക്രട്ടറി ജ്യോതിഷ്കുമാർ, ലേഖന വിജയികൾ അനീഷ് , നിമിഷ ഹെലൻ , അനാമിക തുടങ്ങിയവർ.

March Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society

ARCHITECTURE AND WORLD CINEMA FILM FESTIVAL



# The Metempsychosis of Architecture and Film Structure



**Dr. B. Radhakrishnan**
(President, Filca Fim Society)

The theme of the March 2025 film festival is ' Architecture and World Cinema ' . The selected films for screening on 23 Sunday are The Fountainhead, The Grand Budapest Hotel, Eiffel and The Belly of an Architect.

The Kinship between architecture, art, and film is rooted in their shared concern with spatial composition, visual storytelling, and emotional resonance.

Architects design spaces that tell stories and evoke emotions, much like filmmakers create narrative spaces that transport audiences.Architects use composition and framing to guide the viewer's experience, while filmmakers employ similar techniques to frame shots and guide the narrative.

Architects manipulate light and atmosphere to create ambiance, while filmmakers use lighting to set tone and mood.Artists compose visual elements to create balance, tension, and emotion, while filmmakers arrange visual elements to tell stories and evoke feelings.

Artists often employ symbolism and metaphor to convey meaning, while filmmakers use similar techniques to add depth and complexity to their narratives.Art and film both aim to evoke emotions and create connections with their audiences.

All three disciplines - Architecture, Art, and Film - use a shared language of visual composition, spatial relationships, and emotional resonance.





Architecture, art, and film all tell stories, whether through physical spaces, visual compositions, or narrative structures.The ultimate goal of all three disciplines is to create an emotional connection with their audience, whether through a sense of wonder, awe, or empathy.

No doubt , Film Structure and Architecture have a Kinship .Filmmakers create narrative spaces that guide the audience through the story, much like architects design physical spaces that guide users through a building.

Filmmakers compose scenes to create visual interest and guide the viewer's attention, while architects compose spaces to create functional and aesthetic experiences.Filmmakers control pacing and rhythm to create tension, suspense, or emotional resonance, while architects use similar techniques to create a sense of flow and navigation through a building.

For instance, the film, Blade Runner (1982) , a sci-fi classic , explores the intersection of architecture, art, and film, featuring a dystopian cityscape that reflects the film's themes of humanity and what it means to be alive.2001: A Space Odyssey (1968) , Stanley Kubrick's seminal film is a masterclass in visual composition, spatial relationships, and emotional resonance, featuring iconic sets and a influential narrative structure.

The metempsychosis and kinship between architecture, art, and film is rooted in their shared concerns with spatial composition, visual storytelling, and emotional resonance. By exploring these connections, we can gain a deeper understanding of the ways in which these disciplines inform and influence one another.



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ARCHITECTURE AND WORLD CINEMA FILM FESTIVAL
15
KSFDC


# ചലച്ചിത്രകലയിലെ വാസ്തുവിദ്യ



**സാബു ശങ്കർ**
(ജനറൽ സെക്രട്ടറി, ഫിൽക്ക)
(നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ ,
ചീഫ് കറസ്പോന്റ് - നേർക്കാഴ്ച വാരിക
അമേരിക്ക, സമീക്ഷ മാഗസിൻ കാനഡ
& ലിമ വേൾഡ് ലൈബ്രറി ലണ്ടൻ, യു. കെ. )

**നൂതന ചലച്ചിത്രകലയുടെ ശില്പത്തിൽ ദൃശ്യമായ ബാഹ്യലോകവും അദൃശ്യ മായ ആന്തരിക ലോകവുമുണ്ട്. ആന്തരിക ലോകത്തിലെ ദർശന-ആനുഭൂതിക തലത്തിൽ , കാലപ്രമാണത്തിൽ കൊത്തിയെടുത്ത അദൃശ്യ ശില്പത്തിന് ഒരു വാസ്തു വിദ്യ ഉണ്ടെന്നു പറയാം .കലാശിൽപ്പവും വാസ്തുവിദ്യയും തമ്മിൽ അഭേദ്യമായൊരു ലാവണ്യബന്ധം കാണിയെ കാഴ്ചയ്ക്കപ്പുറമുള്ള ഓർമ്മയിലേക്ക് അല്ലെങ്കിൽ വികാര - വിചാരമണ്ഡലത്തിലേക്ക് നയിക്കുന്നു .**

**ഒരു ആർക്കിടെക്റ്റ് ഒരു നിർമ്മിതിയ്ക്ക് രൂപം നൽകുമ്പോൾ അതിനു സൗന്ദര്യാത്മക മാനം കൂടി ചേർത്ത് വെയ്ക്കുന്നത് പോലെ ഒരു ചലച്ചിത്രകാരൻ തന്റെ സൃഷ്ടി**




യുടെ ആന്തരിക മണ്ഡലത്തിന്റെ ആവിഷ്കാരമായിട്ടാണ് . ആശയം പ്രമേയമായി രൂപാന്തരപ്പെടുമ്പോൾ അത് കാഴ്ചയുടെ അനുഭവമാക്കാൻ തനതായൊരു ശില്പ ഘടന കണ്ടെത്തുന്നു. ധ്യാനപൂർണ്ണമായ ഒരു പ്രക്രിയയാണിത് .

കാലത്തിൽ കൊത്തിയെടുക്കുന്ന കാവ്യാനുഭവ ബിംബമാണ് ചലച്ചിത്രകല . വിചിത്രമായ നിർമ്മിതികൾ അങ്ങനെ അനുഭവക്കാഴ്ചയായി മാറുന്നു . ഈ അനുഭവത്തിനു വേണ്ടിയാണു നാം ഒരു സിനിമ പല പ്രാവശ്യം കാണുന്നത്. യഥാർത്ഥ കലാസൃഷ്ടികൾക്ക് ബാഹ്യപ്രകൃതിയിൽ നിന്ന് ആന്തരിക പ്രകൃതിലേക്ക്, അന്ത:സത്തയിലേക്ക്, അനന്യമായ, അനശ്വരമായ സഞ്ചാരമുണ്ട്. ചലച്ചിത്ര ക്ളാസിക്കുകളായി അവ സാംസ്കാരിക ചരിത്രത്തിൽ നിലനിൽക്കുന്നു.

ചലച്ചിത്രകലയിലെ വാസ്തുവിദ്യ അതിന്റെ ദൃശ്യവ്യാകരണവുമായി ലയിച്ചുനിൽക്കുന്നു. ചലച്ചിത്രഭാഷ എന്ന് പറയാം . ഇതിനു പല ഘടകങ്ങളുണ്ട്. രൂപവും ആശയവും വസ്തുവിൽ അടങ്ങിയിരിക്കുന്ന ഗുണവിശേഷങ്ങൾ ആണെന്നാണ് പ്ളേറ്റോ വിശദീകരിച്ചത് . ജീവിതത്തിന്റെ പുനരവതരണമായ കലയിൽ ഈ

ഗുണവിശേഷങ്ങൾ വസ്തുവിന്റെ കേവലമായ പകർപ്പ് അല്ലെന്നും അത് ഭാവനാത്മകമായ പുനരാവിഷ്കാര മാണെന്നുമാണ് അരിസ്റ്റോട്ടിൽ നിരീക്ഷിച്ചത് .

സൃഷ്ട്യുന്മുഖമായ പ്രവാഹത്തിന്റെ ഉറവിടം ലോകയാഥാർഥ്യമാണെന്നും അതിനോട് ആഴത്തിൽ പ്രതികരിക്കുന്നത് അന്യർക്ക് കൃത്യമായ അനുഭവമാകാൻ തക്കരീതി യിൽ സർഗ്ഗചൈതന്യം കലാവിഷ്കാര ശൈലിയായി പ്രത്യക്ഷമാവുന്നു എന്ന് ഭരതമുനി ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ യുള്ള പ്രക്രിയയിൽ ഉദ്‌ഭവിക്കുന്ന ഭാഷ , ധ്വനനശക്തിയുള്ള പ്രതീകമായി മാറുന്നു വെന്ന് ദാന്തേ പറയുന്നു .

കാവ്യത്തിന്റെ ആത്മാവാണ് രീതി എന്ന് ഭാരതീയ സൗന്ദര്യശാസ്ത്ര മീമാംസകൻ വാമനൻ ദർശിച്ചു . പ്രമേയത്തെ ഉദാത്ത വൽക്കരിക്കുന്ന ചിന്തകൾ , കർമ്മങ്ങൾ , വികാരങ്ങൾ തുടങ്ങിയവ നിത്യജീവിതത്തിൽ നിന്ന് വ്യത്യസ്തമായി , സ്വതന്ത്രമായ ബിംബകല്പനയായി മാറുന്നതത്രേ കലയുടെ ഇന്ദ്രജാലികത എന്ന് ബെനഡിറ്റോ ക്രോഷെ തന്റെ ഡിഫൻസ് ഓഫ് പോയട്രി എന്ന ഗ്രന്ഥത്തിൽ ചിന്തിക്കുന്നു.ഇത് സംവേദനം, ഭാവന , യുക്തി എന്നിവയുമായി ബന്ധപ്പെട്ട പ്രക്രിയയാണെന്ന് എഡ്മ് ബർക്ക് പറയുന്നു .ഇങ്ങനെ കലാശിൽപ്പത്തിന്റെ ജീവനായി മാറുന്ന ഭാഷ എന്നത് ബിംബനൈരന്തര്യ മുള്ള ഭാവരൂപം ആണെന്നാണ് ടി.എസ്. എലിയട്ട് വീക്ഷിക്കുന്നത്.കലയുടെ ബാഹ്യപ്രകൃതിയും ആന്തരിക പ്രകൃതിയും തമ്മിലുള്ള വൈരുധ്യാധിഷ്ഠിത ബന്ധത്തി ലൂടെയാണ്,രൂപാന്തരത്തിലൂടെയാണ്, പ്രമേയ യാഥാർഥ്യത്തിന്റെ ഭാഷയെ കലാകാരൻ കണ്ടെത്തി ആവിഷ്കരിക്കു ന്നതെന്ന് ജോർജ്ജ് ലൂക്കാച് അഭിപ്രായ പ്പെടുന്നു .

തനതായ, നവ്യമായ , വിനിമയ വ്യാകരണ മാണ് കലയുടെ ഭാഷ . ഇതിന്റെ വ്യാക രണവുമായിട്ടാണ് വാസ്തുവിദ്യയുടെ സാധ്യതയും ചലച്ചിത്ര ശിൽപ്പത്തിൽ തുറന്നുകിടക്കുന്നത്. ഇതിൽ ചിഹ്നങ്ങളുടെ അർത്ഥ പരിണാമം ഉണ്ട്. ധ്വനി വൈവിധ്യം ഉണ്ട് . പ്രതിപാദ്യത്തിന്റെ ഭൂമികയുണ്ട്. നിറങ്ങളുടെ വികാരതലങ്ങളുണ്ട്.വസ്തുക്ക ൾക്ക് പ്രത്യേക സ്ഥാനമുണ്ട്. യുക്തിയുടെ സദൃശകങ്ങൾ ഉണ്ട് . ചലനാത്മകതയുടെ ഭാവുകത്വം ഉണ്ട് . വിവിധ ഘടകങ്ങളു ടെ ലയം ഉണ്ട് . പ്രമേയം വിടർന്നുവ രുന്ന വേഗത്തിന്റെ കാലപ്രമാണമുണ്ട് . കാലത്തിൽ കൊത്തിയ വാസ്തുവിദ്യയാണ് ചലച്ചിത്രശിൽപ്പം ●



March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ARCHITECTURE AND WORLD CINEMA FILM FESTIVAL
KSFDC



# The new perspective on residential architecture in Kerala : Through the Lens of Popular Cinema



**Dr.Prof. Binu Mol Tom**
( Professor and Head, Department of Architecture, Rajiv Gandhi Institute of Technology, Kottayam.)

The residential architecture of Kerala has undergone a remarkable transformation over the past few decades, reflecting the changing socio-cultural and economic dynamics of our region. What was once characterized by traditional architectural forms like the nalukettu (quadrangular homestead) has evolved into a complex amalgamation of various design philosophies, materials, and spatial organizations.

This transformation is not only evident in the physical landscape but has been meticulously documented and sometimes influenced by Malayalam cinema. As Kerala's film industry continues to present diverse narratives, it simultaneously captures the evolving architectural aspirations of the Malayali community while also shaping those very aspirations.



## Historical Context Presenting the Traditional Architecture of Kerala.

Traditional architecture of Kerala was deeply rooted in the principles of Vastushastra (the ancient Indian science of architecture) and was characterized by features such as sloping roofs, courtyard-centered designs, and the use of local materials like wood and laterite. The nalukettu, with its central courtyard (nadumuttam), was not merely a structural arrangement but represented the socio-economic hierarchy and joint family system prevalent in Kerala society. These nadumuttams played a pivotal role in providing breathing spaces for the women of these houses forms for the so-called "socialisation" within the larger joint family.

These traditional homes were also designed to respond effectively to Kerala's warm and humid climate, utilizing natural ventilation, rainwater management systems, and passive cooling strategies. The spatial organization of these homes reflected gender roles, caste hierarchies, and religious practices of the time.

**Socio-Cultural-Economic Shifts and Architectural Response**

The social fabric of Kerala has undergone significant changes over the past century. The dissolution of the joint family system, land reforms of the 1960s, Gulf migration beginning in the 1970s, and increasing urbanization have all contributed to a radical shift in residential architecture. The "Gulf boom" particularly led to a surge in remittances, enabling families to construct larger, more ostentatious houses that deviated significantly from traditional forms.

This evolution is perfectly captured in films like "Arabikatha" (2007), where the protagonist's dream of building a modern home symbolizes upward social mobility. Similarly, "Traffic" (2011) showcases the stark contrast between different economic strata through diverse residential settings, from luxury apartments to modest slum dwellings picturised as backgrounds but creates an immense plethora of architectural skylines for inquisitive minds.

Malayalam Cinema's Documentation of Architectural Evolution

Malayalam cinema has been particularly adept at using architecture as a narrative device, often making homes central characters in their storytelling. Films have chronicled the architectural evolution of Kerala homes across different eras:

**Traditional Era (Pre-1970s):**

Films like "Vaishali" (1988) and "Perumthachan" (1991) showcased traditional Kerala architecture with its elaborate woodwork, courtyards, and distinct spatial hierarchies. Though made later, these films cap-



tured earlier architectural traditions.

Transition Period (1970s-1990s): "Bharatham" (1991) and "Devasuram" (1993) depicted grand tharavads (ancestral homes) alongside emerging modern influences, capturing a society in transition. Contemporary Period (2000s onwards): Films like "Bangalore Days" (2014) and "Premam" (2015) showcase contemporary Kerala homes with their fusion of traditional elements and modern design sensibilities, open floor plans, and integration of technology.

The critically acclaimed film "Kumbalangi Nights" (2019) presents a fascinating architectural contrast. The protagonist's dysfunctional family lives in a humble fisherman's dwelling on stilts over the backwaters-a traditional response to the geographical conditions-while the antagonist's home is a meticulously maintained modern house representing his obsession with order and control. Through this juxtaposition, the film comments on class divisions, family dynamics, and the psychological implications of domestic spaces.

## Cinematic Influence on Architectural Aspirations.

Malayalam cinema doesn't merely document architectural changes; it actively shapes the architectural aspirations of Keralites.

Films like "Premam" (2015) influenced younger generations by portraying contemporary living spaces that blend traditional elements with modern aesthetics. The protagonist's family home, with its semi-traditional design updated with modern comforts, became a template for many middle-class aspirants seeking to balance heritage with contemporary living.

The films, particularly Ee Ma Yau (2018), use coastal architecture to explore themes of life, death, and community relationships. The film's authentic portrayal of coastal homes-with their modest scale, responsive design to harsh coastal conditions, and community-centred layouts-provide a counterpoint to the grandiose Gulf-influenced architecture prevalent elsewhere.

## Economic Stratification Through Architectural Representation

Contemporary Malayalam cinema often uses architecture to highlight economic disparities. The Malayalam film "Vietnam Colony" portrays a crowded, chaotic urban slum settlement where residents live in close-knit, makeshift structures with minimal amenities, reflecting the economic struggles of marginalized communities in Kerala's urban landscape. The architectural setting features haphazardly constructed dwellings with shared walls, unplanned layouts, and repurposed materials, creating a stark contrast to the more affluent areas of the city and serving as a powerful metaphor for social inequality. Despite the challenging physical environment, the homes in Vietnam Colony are depicted as vibrant, personalized spaces where community bonds flourish, showing how residents transform their limited architectural circumstances into meaningful domestic environments through cultural practices and social relationships.



The Great Indian Kitchen (2021) uses a traditional home with rigid spatial segregation to emphasize patriarchal practices, making the architecture itself a metaphor for social confinement.

This stratification is further explored in Bhoothakalam, where a middle-class home becomes increasingly claustrophobic as the narrative progresses, using architectural elements to heighten psychological tension. The home's modest design, with its limited natural light and confined spaces, becomes a character in itself, influencing the mental state of its occupants.

**New Architectural Perspectives in Contemporary Kerala**

Today's Kerala residential architecture represents a fascinating space-time relationship where historical influences seamlessly coexist with contemporary global trends. The traditional Kerala home-once defined by sloping clay-tiled roofs, timber frameworks, and courtyard-centred designs-has evolved into something more complex and multifaceted while still maintaining its cultural essence.

Walking through Kerala's residential landscapes reveals this architectural dialogue between past and present. Ancient principles of Vastushastra still guide spatial arrangements, yet these spaces now accommodate modern lifestyles with open floor plans and multifunctional rooms. The iconic sloped roofs designed for monsoon rains remain but are now often constructed with modern materials like reinforced concrete and complemented by flat-roofed sections housing contemporary amenities.

The Gulf migration phenomenon has left an indelible mark on Kerala's architectural identity. Remittance wealth created a surge of homes that blend Middle Eastern design sensibilities-seen in ornate facades, grand entrances, and decorative elements-with Kerala's vernacular traditions. This "Gulf-Kerala" hybrid style speaks to the transnational identity of many Kerala families, creating physical manifestations of their cross-cultural experiences.

Yet alongside these grandiose expressions, a counter-movement has emerged embracing sustainability and climatic responsiveness. Young architects are revisiting traditional wisdom-courtyard designs for natural ventilation, rainwater harvesting systems, and locally sourced materials-and reinterpreting them through contemporary design language. These eco-conscious homes feature natural cooling systems, solar integration, and waste management solutions adapted for modern living.



The socio-economic stratification of Kerala society finds expression in its residential architecture. Urban apartments cater to the professional class with an emphasis on security, community amenities, and space optimization. Middle-class independent homes balance aspirational design elements with practical constraints. Luxury villas for high-net-worth individuals incorporate swimming pools, home theatres, and smart home technology.

What makes Kerala's contemporary residential architecture particularly distinctive is its refusal to completely abandon tradition for modernity. Instead, it creates thoughtful juxtapositions: traditional wooden ceilings above minimalist living spaces; antique doors leading to contemporary kitchens; and courtyard concepts reimagined as skylit atriums. This architectural approach mirrors Kerala's broader cultural identity-a society deeply connected to its heritage while actively engaging with global influences and technological advancement.

The result is an architectural landscape that tells the story of Kerala itself-a place negotiating tradition and innovation, community values and individual expression, local identity, and global connectivity. Each home becomes not merely a dwelling but a spatial biography reflecting the evolving aspirations, values, and lived experiences of contemporary Keralites. Many of these are well depicted in our movies whether purposefully or not have been a great influence on the general public and have added to their aspirations of how their homes should be.

## Conclusion

The residential architecture of present-day Kerala exists at a fascinating intersection of tradition and modernity, local identity and global influence, individualism, and commu-

nity values. Malayalam cinema has not only documented this architectural evolution but has actively shaped it, influencing the collective psyche regarding what constitutes desirable living spaces.

As films continue to portray diverse architectural narratives, they foster a critical dialogue about identity, sustainability, and social relationships in the built environment. The architectural aspirations reflected in and influenced by these films reveal more profound truths about Kerala's socio-cultural-economic landscape and its ongoing negotiation between preserving cultural heritage and embracing contemporary living standards.

In this dynamic relationship between cinema and architecture, we find not just a documentation of changing building styles but a reflection of Kerala society's evolving values, aspirations, and challenges. As depicted in the movies of famous director Adoor Gopalakrishnan "The homes in our films are not mere backdrops but repositories of our cultural memory and laboratories of our future aspirations." This perspective offers valuable insights for architects, filmmakers, and social scientists seeking to understand the complex interplay between built form and cultural identity in contemporary Kerala.



# ഓർമ്മകളിലെ രമ്യഹർമ്മ്യം



ഷീബ. എസ്.ജെയിംസ്
(ഫിൽക്ക)



2014 - ൽ വെസ് ആൻഡേഴ്സൺ രചനയും സംവിധാനവും നിർമ്മാണവും നിർവഹിച്ച ഒരു സെമി കോമഡി ചിത്രമാണ് ഗ്രാൻഡ് ബുഡാപെസ്റ്റ് ഹോട്ടൽ. ഫാസിസം, ഗൃഹാതുരത്വം, സൗഹൃദം, വിശ്വസ്തത എന്നീ പ്രമേയങ്ങൾ സിനിമ ആവിഷ്കരി ക്കുന്നു .

2014 ഫെബ്രുവരി 6 ന് നടന്ന 64 -ാമത് ബെർലിൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ഈ സിനിമ പ്രദർശിപ്പിച്ചു. 87-മത് അക്കാദമി അവാർഡുകളിൽ മികച്ച ചിത്രം ഉൾപ്പെടെ 9 അവാർഡുകൾക്ക് ഈ ചിത്രം നാമ നിർദ്ദേശം ചെയ്യപ്പെട്ടു. മികച്ച ചിത്രം ഉൾപ്പെടെ 4 അവാർഡുകൾ നേടി.

മധ്യ യൂറോപ്യൻ രാജ്യമായ സുബ്രോവ്കയിലെ ഒരു സെമിത്തേരിയിൽ, ഒരു യുവതി ഓഥർ എന്നറിയപ്പെടുന്ന ഒരു പ്രശസ്ത എഴുത്തുകാരന്റെ ആരാധനാലയം സന്ദർശിച്ച് അദ്ദേഹത്തിന്റെ ഏറ്റവും പ്രിയപ്പെട്ട പുസ്തകം ദി ഗ്രാൻഡ് ബുഡാപെസ്റ്റ് ഹോട്ടൽ വായിക്കുന്നു. 1985 -ൽ എഴുതപ്പെട്ടതാണ് ഈ പുസ്തകം .

1985 - ൽ മധ്യവയസ്കനായ എഴുത്തുകാരൻ ടോം വിൽക്കിൻസൺ 1968 - ൽ ബുഡാപെസ്റ്റ് ഹോട്ടലിൽ താമസിച്ചതിന്റെ ഓർമ്മകളിലൂടെയാണ് ചിത്രം സഞ്ചരിക്കുന്നത്. ഒരു കാലത്ത് പ്രൗഢ ഗംഭീരമായിരുന്നതും എന്നാൽ ഇന്ന് ഭംഗി മങ്ങിയതുമായ ഹോട്ടലിൽ യുവ എഴുത്തുകാരന്റെ 1968 - ലെ അവധിക്കാലം വിവരിക്കുന്നു. അവിടെ അതിന്റെ ഉടമയായ സീറോ മുസ്തഫയെ അദ്ദേഹം കണ്ടുമുട്ടുന്നു. അത്താഴത്തിനിടയിൽ അദ്ദേഹം തന്റെ തുണിത്തരങ്ങളുടെ കഥ പറയുന്നു.

ആൻഡേഴ്സൺ തന്റെ സിനിമയിൽ ഓരോ സോഫാ കവറിംഗിനെയും, ഓരോ മഞ്ഞുമൂടിയ കൊടുമുടിയെയും, ഓരോ വാക്കിനെയും സ്നേഹ നിർഭരമായി ചിത്രീകരിക്കുന്നു .1930 കളുടെ തുടക്കത്തിൽ കിഴക്കൻ യൂറോപ്യൻ രാജ്യമായ സുബ്രോവ്കയിലെ പർവ്വതനിരയിലുള്ള ഈ റിസോർട്ടിന്റെ ഉപദേഷ്ടാവായ മോൺസിഞ്ഞോർ ഗുസ്താവ്.എച്ച് ആണ് ഇതിലെ പ്രധാന കഥാപാത്രം. തന്നെ മോഹിപ്പിച്ചിരുന്ന ആ സ്ഥലം ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലായതിൽ അയാൾ ദുഃഖിതനാണ്.

അദ്ദേഹത്തിന്റെ ഓർമ്മയിൽ തന്റെ പഴയ വ്യക്തിത്വമായ എഴുത്തുകാരൻ ( ജൂഡ്ലോ) സിറോ മുസ്തഫയോടൊപ്പം അത്താഴം കഴിക്കുകയാണ്. അപ്പോൾ ഈ ഹോട്ടൽ എങ്ങനെ സ്വന്തമാക്കി എന്നതിന്റെ

അതിശയകരമായ കഥ അദ്ദേഹം വെളിപ്പെടുത്തുന്നു. 1932 - ൽ ലോകമഹാ യുദ്ധങ്ങളുടെ സമയത്ത് ഈ സമ്പന്നമായ ഹോട്ടൽ ഒരു ജനപ്രിയ ആൽ പൈൻ റിസോർട്ടാണ്. അവിടത്തെ ചുമതല ഗുസ്താവിനാണ് (ഗാൽഫ് ഫിയന്നസ്).

അദ്ദേഹം ഹോട്ടലിലെ എല്ലാ ചെറിയ കാര്യങ്ങളിലും ഉത്സാഹത്തോടെയും, ശ്രദ്ധയോടെയും ഇടപെടുന്ന ഒരാളാണ്. മറ്റുള്ളവരെ സ്നേഹത്തോടെ സേവിക്കുക എന്ന ദൗത്യമുള്ള ഒരു മാന്യൻ. ഈ സമയ ത്ത് ഭാവി ഉടമയായ സീറോ ഹോട്ടലിലെ പുതിയ ലോബി ബോയ് ആണ്. പർപ്പിൾ നിറത്തിലുള്ള വസ്ത്രവും തൊപ്പിയും ധരിച്ച അനാഥനായ ഈ കൗമാരക്കാരൻ ഗുസ്താ വിന്റെ കീഴിൽ ജോലി എടുക്കുന്നതിൽ സന്തോഷിക്കുന്ന വനുമാണ്.

പതിവായി ഹോട്ടലിൽ വരുന്ന വൃദ്ധയും ധനികയും ആയ സ്ത്രീയാണ് മാഡം ജി. (ടിൽഡ സ്വിന്റൺ). അവരുമായി ഗുസ്താവ് ലൈംഗിക ബന്ധം ആസ്വദിക്കുന്നു. അവ രുടെ മരണശേഷം ഗുസ്താവും, സീറോയും അവരുടെ എസ്റ്റേറ്റിലേക്ക് പോകുന്നു. അവിടെ അവരുടെ പണവും സ്വത്തും സ്വീകരിക്കാൻ വിൽപത്രത്തിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയാൻ ബന്ധുക്കളെല്ലാം ഒത്തുകൂടി. അവരുടെ പരുക്കൻ സ്വഭാവം ഉള്ള മകൻ ദിമിത്രിയെ യും, കൊള്ളക്കാരനായ ജോപ്ലിംഗിനെയും നിരാശപ്പെടുത്തിക്കൊണ്ട് ഗുസ്താവിന് വിലമതിക്കാൻ ആവാത്ത മധ്യകാല റെനൈസൻസ് പെയിന്റിംഗ് ലഭിക്കുന്നത്. ഗുസ്താവും സീറോയും അതും എടുത്ത് അവിടെ നിന്നും ഓടിപ്പോകുന്നു. ഹോട്ടലിൽ സുരക്ഷിതമായി പെയിന്റിംഗ് സൂക്ഷിക്കുന്നു. സൈനിക പോലീസ് അവരെ പിന്തുടരുന്നു. മാഡം ഡി യുടെ കൊലപാതകത്തിൽ ഗുസ്താവ് ജയിലിൽ ആകുമ്പോൾ സീറോ യും അദ്ദേഹത്തിന്റെ പ്രതിശ്രുത വധു അഗത യും അദ്ദേഹത്തെ രക്ഷപ്പെടാൻ സഹായി ക്കുന്നു.

ഗുസ്താവിനെയും സീറോയെയും പിന്തുടരുന്നത് ദിമിത്രിയുടെ കൂടെ പ്രവർ ത്തിക്കുന്ന കൊലയാളിയായ ജെ. ജി ജോപ്ലിങ് ആണ്. ഗുസ്താവും സീറോയും പർവ്വതമു



കളിലെ ഒരു ആശ്രമത്തിലേക്ക് പോകുന്നു. അവിടെ അവർ സെർജിനെ കണ്ടുമുട്ടുന്നു. മാഡം.ഡി യുടെ രാമത്തെ വിൽപത്രത്തിന്റ പ്രധാന വിവരങ്ങൾ അയാളിൽ നിന്നും അറിയുന്നു. അവർ അവസാനം ഹോട്ടലിൽ എത്തിച്ചേരുന്നു.

ഗുസ്താവും, സീറോയും ഗ്രാൻഡ് ബുഡാ പെസ്റ്റിൽ തിരിച്ചെത്തിയപ്പോൾ, ഹോട്ടൽ സൈന്യം പിടിച്ചെടുത്തിരിക്കുന്നു. അവർ അതിനെ ഒരു ബാരക്കാക്കി മാറ്റാനുള്ള ശ്രമത്തിലാണ്. ഹൃദയം തകർന്ന ഗുസ്താവ് ഇനി ഒരിക്കലും ഒന്നും ആഗ്രഹിക്കില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു. അഗത രണ്ടുപേരുമായി ചേർന്ന് അകത്തു പോയി പെയിന്റിംഗ് വീണ്ടെടുക്കുന്നു.

അധികാരത്തിലുള്ള നാസികൾ അവരെ നേരിടുന്നു. സീറോയും അഗതയും പെയിന്റിംഗുമായി ഓടിപ്പോകുന്നു. മാഡം ഡി യുടെ രണ്ടാമത്തെ വിൽപത്രത്തിന്റെ പകർപ്പ് കണ്ടെത്തിയതിലൂടെ ഗുസ്താവിന്റെ നിരപരാധിത്വം ഒടുവിൽ തെളിയിക്കപ്പെടുന്നു. ഗ്രാൻഡ് ബുഡാപെസ്റ്റിന്റെ ഉടമ അവരാണെന്ന് വിൽപത്രത്തിൽ വെളിപ്പെടുത്തുന്നു. തന്റെ സമ്പത്തിന്റെയും ഹോട്ടലിന്റെയും പെയിന്റിംഗിന്റെയും ഭൂരിഭാഗവും ആ മാഡം ആണ് ഗുസ്താവിന് വിട്ടു കൊടുക്കുന്നത്. ഗുസ്താവിന്റെ ഒപ്പം ഉപദേഷ്ടാവായിരുന്ന സിറോ വിവാഹം കഴിക്കുന്നത് അഗതയെ ആണ്.

ഗുസ്താവ് ഉപേക്ഷിച്ച ഭാഗ്യം സിറോ അവകാശപ്പെടുകയും ഗ്രാൻഡ് ബുഡാപെസ്റ്റിൽ തന്റെ പാരമ്പര്യം തുടരുമെന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു. മരിച്ചു കൊിരിക്കുന്ന ഹോട്ടലിനെ ബിസ്സിനസ്സിൽ നില നിർത്താൻ സിറോ തന്റെ മുഴുവൻ അനന്തരാവകാശവും സർക്കാരിന് സംഭാവന ചെയ്യാൻ നിർബന്ധിതനാകുന്നു. വിരോധാഭാസം എന്ന് പറയട്ടെ സിനിമയുടെ ഒടുക്കത്തിൽ സീറോയും ഗുസ്താവും കഠിനമായി പോരാടി എടുത്ത പെയിന്റിംഗ് ഒരു ചുമരിൽ വളഞ്ഞ് ഇരിക്കുന്നത് കാണാം. മിസ്റ്റർ മുസ്തഫ രചയിതാവിനോട് ചില കാര്യങ്ങൾ തുറന്ന് സമ്മതിക്കുന്നു. തന്റെ മുറിയി ലേക്ക് പോകും മുൻപ് മിസ്റ്റർ മുസ്തഫ രചയിതാവിന് എം.ഗുസ്താവ് സ്യൂട്ടന്റെ താക്കോൽ നൽകുകയും വളഞ്ഞ പെയിന്റിംഗ് പുന:ക്രമീകരിക്കുകയും ചെയ്യുന്നു. യുവ എഴുത്തുകാരൻ പിന്നീട് തെക്കേ അമേരിക്കയിലേക്ക് പോകുന്നു. പിന്നെ ഒരിക്കലും ഹോട്ടലിലേക്ക് മടങ്ങിയിട്ടില്ല.

1985 – ൽ രചയിതാവ് തന്റെ ചെറുമകനോടൊപ്പം തന്റെ ഓർമ്മക്കുറിപ്പുകൾ പൂർത്തിയാക്കുന്നു. സീറോയുടെയും ഗുസ്താവിന്റെയും കഥയും, ഹോട്ടലിന്റെ കഥയും നിലനിൽക്കുന്നതിന്റെ സൂചനയായി, ഒരു യുവതി രചയിതാവിന്റെ പ്രതിമയ്ക്ക് മുന്നിൽ വായന തുടരുന്നു. ദി ഗ്രാൻഡ് ബുഡാപെസ്റ്റ് ഹോട്ടൽ ചരിത്രത്തെയും പ്രൗഢിയെയും പ്രതിനിധീകരിക്കുന്നു. ഈ കഥ ലളിതമായ ഒരു കോമഡിയെങ്കിലും സൗഹൃദത്തിന്റെയും, കാരുണ്യത്തിന്റെയും ശക്തമായ ഒരു ആഖ്യാനം സിനിമയിൽ ആന്റേഴ്സൺ കൈകാര്യം ചെയ്യുന്നു.

മികച്ച നൃത്ത സംവിധാനവും, മികച്ച എഡിറ്റിങ്ങും സിനിമയെ ഒന്നുകൂടി മികവുറ്റതാക്കുന്നു.വാസ്തുവിദ്യ എന്ന നിലയിൽ ഈ ആഡംബര കൊട്ടാരക്കെട്ട് ആകർഷണീയമാണ്. ഓരോ ദൃശ്യത്തിലുമുള്ള ഇന്റീരിയർ ഡിസൈൻ പ്രൗഢ മനോഹരവും.

March Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

ARCHITECTURE AND WORLD CINEMA FILM FESTIVAL

KSFDC



# വെസ്ലി വെയിൽസ് ആൻഡേഴ്സൺ (ദ ഗ്രേറ്റ് ബുഡാപെസ്റ്റ് ഹോട്ടൽ)



ഗിരിജ സുരേന്ദ്രൻ
(ഫിൽക്ക)



1969 മെയ് 1 ന് ടെക്സസിലെ ഹൂസ്റ്റണിൽ റിയൽറ്ററും പുരാവസ്തു ഗവേഷകനുമായ ആൻ ആൻഡേഴ്സണിന്റെയും പരസ്യ,പബ്ലിക് റിലേഷൻസ് മേഖലകളിൽ ജോലി ചെയ്തിരുന്ന മെൽവർ ലിയോനാർഡ് ആൻഡേഴ്സണിന്റെയും മകനായി വെസ്ലി വെയിൽസ് ആൻഡേഴ്സൺ ജനിച്ചു.

മൂന്ന് ആൺകുട്ടികളിൽ രണ്ടാമനാണ് അദ്ദേഹം; എട്ട് വയസ്സുള്ളപ്പോൾ മാതാപിതാക്കൾ വിവാഹമോചനം നേടി. ആൻഡേഴ്സൺ ഇംഗ്ലീഷ്, സ്വീഡിഷ്, നോർവീജിയൻ വംശജരാണ്. 1987 ൽ ഹ്യൂസ്റ്റണിലെ സെന്റ് ജോൺസ് സ്കൂളിൽ നിന്ന് ബിരുദം നേടി. കുട്ടിക്കാലത്ത്, ആൻഡേഴ്സൺ തന്റെ പിതാവിന്റെ സൂപ്പർ 8 ക്യാമറയിൽ നിശബ്ദ സിനിമകൾ ചെയ്തു, അതിൽ തന്റെ സഹോദരന്മാരെയും സുഹൃത്തുക്കളെയും അഭിനയിപ്പിച്ചു. ഒരു എഴുത്തുകാരനാകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദ്യ അഭിലാഷം.

ഓസ്റ്റിനിലെ ടെക്സസ് യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ ആൻഡേഴ്സൺ ഹോഗ് മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ ഒരു സിനിമാ പ്രൊജക്ഷനിസ്റ്റായി പാർട്ട് ടൈം ജോലി ചെയ്തു. അവിടെ വച്ചാണ് അദ്ദേഹം 1989 ൽ തന്റെ റൂംമേറ്റും ഭാവി സഹകാരിയുമായ ഓവൻ വിൽസണെ കണ്ടുമുട്ടിയത്. 1991 ൽ, തത്ത്വചിന്തയിൽ അദ്ദേഹം ബാച്ചിലർ ഓഫ് ആർട്സ് ബിരുദം നേടി. സി.കെ.ഓഗ്ഡനും ഐ.എ. റിച്ചാർഡ്സും ചേർന്ന് നിർമ്മിച്ച ദി മീനിംഗ് ഓഫ് മീനിംഗ് കണ്ട് കൗതുകമുണർന്നിരുന്നു. ലൂക്കും ഓവൻ വിൽസണും ചേർന്ന് നിർമ്മിച്ച ഹ്രസ്വചിത്രത്തെ അടിസ്ഥാനമാക്കിയുള്ള ബോട്ടിൽ റോക്കറ്റ് (1996) ആയിരുന്നു , ആൻഡേഴ്സന്റെ ആദ്യ ചിത്രം.

വലിയ കവർച്ചകൾ നടത്താൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം യുവ ടെക്സൻമാരെക്കുറിച്ചുള്ള ഒരു കുറ്റകൃത്യ കഥയാണിത്. നന്നായി അവലോകനം ചെയ്യപ്പെട്ടു, എങ്കിലും ബോക്സ് ഓഫീസിൽ മോശം പ്രകടനം കാഴ്ചവച്ചു.

അദ്ദേഹത്തിന്റെ അടുത്ത ചിത്രം റഷ്മോർ (1998) ആയിരുന്നു. ഒരു ഹൈസ്കൂൾ വിദ്യാർത്ഥിക്ക് ഒരു എലിമെന്ററി സ്കൂൾ അധ്യാപികയോടുള്ള പ്രണയത്തെക്കുറിച്ചുള്ള ഒരു വിചിത്രമായ കോമഡി ചിത്ര



മായിരുന്നു ഇത്. ഈ ചിത്രം നിരൂപക-സാമ്പത്തിക വിജയമായിരുന്നു.

1999-ലെ ഇൻഡിപെൻഡന്റ് സ്പിരിറ്റ് അവാർഡുകളിൽ, ആൻഡേഴ്സൺ മികച്ച സംവിധായകനുള്ള അവാർഡ് നേടി, മുറെ മികച്ച സഹനടനുള്ള പുരസ്കാരം നേടി.

2012-ൽ, ആൻഡേഴ്സന്റെ മൂൺറൈസ് കിംഗ്ഡം എന്ന സിനിമ പുറത്തിറങ്ങി, കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡിഓറി നായി മത്സരിച്ചു. ന്യൂ ഇംഗ്ലിലെ ഒരു സാങ്കൽപ്പിക പട്ടണത്തിൽ നടക്കുന്ന ഒരു പുതിയ കോമഡി ചിത്രമാണിത്.

2014-ൽ, ആൻഡേഴ്സന്റെ സിനിമയായ ദി ഗ്രാൻഡ് ബുഡാപെസ്റ്റ് ഹോട്ടൽ പുറത്തിറങ്ങി.

1930-കളിലെ കഥയാണ് ഇതിൽ കൂടുതലും പറയുന്നത്. ഹോട്ടലിന്റെ കൺസേർജായ എം. ഗുസ്താവിന്റെ സാഹസികതകളെ പിന്തുടരുന്നതാണ് ഇതിന്റെ പ്രമേയം. ചരിത്രത്തിന്റെ അത്ഭുതകരമായ ഒരു പരിഹാസം, അതിന്റെ ഭീകരതകളെ മനോഹരമായ തമാശകളുടെയും വികൃതി ആംഗ്യങ്ങളുടെയും ഒരു പരമ്പരയാക്കി മാറ്റിയിരുന്നു . ആൻഡേഴ്സന്റെ ഏറ്റവും വലിയ നിരൂപക-വാണിജ്യ വിജയങ്ങളിൽ ഒന്നാണിത്, ലോകമെമ്പാടുമായി ഏകദേശം 175 മില്യൺ ഡോളർ വരുമാനം നേടി, ഡസൻ കണക്കിന് അവാർഡ് നോമി നേഷനുകൾ നേടി, ഇതിൽ ഒമ്പത് ഓസ്കാർ നോമിനേഷനുകൾ ഉൾപ്പെടുന്നു, മികച്ച പ്രൊഡക്ഷൻ ഡിസൈൻ, മികച്ച വസ്ത്രാ ലങ്കാരം, മികച്ച മേക്കപ്പ്, മികച്ച ഒറിജിനൽ സ്കോർ എന്നിവയ്ക്കുള്ള നാല് വിജയങ്ങൾ. മികച്ച സംവിധായകനുള്ള അദ്ദേഹത്തിന്റെ ആദ്യ നോമിനേഷനും ഈ നോമിനേഷനുകളിൽ ഉൾപ്പെടുന്നു.



2024 മാർച്ചിൽ ആൻഡേഴ്സൺ, ജർമ്മനിയിൽ ദി ഫീനിഷ്യൻ സ്കീം എന്ന പുതിയ ചിത്രത്തിനായി തുടക്കം കുറിച്ചു.

2000 ന് ശേഷമുള്ള ഏറ്റവും മികച്ച സിനിമ കളെക്കുറിച്ചുള്ള ബിബിസി കൾച്ചറിന്റെ 2016 ലെ വോട്ടെടുപ്പിൽ അദ്ദേഹത്തിന്റെ മൂന്ന് സിനിമകൾ പ്രത്യക്ഷപ്പെട്ടു. ആൻഡേഴ്സൺ തന്റെ ആദ്യകാല ചിത്രങ്ങളായ ബോട്ടിൽ റോക്കറ്റ് (1996), റഷ്മോർ (1998) എന്നിവയ്ക്ക് പ്രശംസ നേടി. അക്കാലത്ത് അദ്ദേഹം സഹോദരന്മാരായ ലൂക്ക് വിൽസൺ, ഓവൻ വിൽസൺ എന്നിവരുമായി സഹകരിച്ച് പ്രവർത്തിക്കുകയും തന്റെ നിർമ്മാണ കമ്പനിയായ അമേരിക്കൻ എംപറിക്കൽ പിക്ചേഴ്സ് സ്ഥാപിക്കുകയും ചെയ്തു.

ദി റോയൽ ടെനൻബോംസ് (2001) എന്ന ചിത്രത്തിന് മികച്ച ഒറിജിനൽ തിരക്കഥയ്ക്കുള്ള അക്കാദമി അവാർഡിന് അദ്ദേഹത്തിന് നോമിനേഷൻ ലഭിച്ചു. സ്റ്റീവ് സിസ്സോയുമായുള്ള ദി ലൈഫ് അക്വാട്ടിക് (2004), ദി ഡാർജിലിംഗ് ലിമിറ്റഡ് (2007), മികച്ച ആനിമേറ്റഡ് ഫീച്ചർ നോമി നേഷൻ ലഭിച്ച അദ്ദേഹത്തിന്റെ ആദ്യ സ്റ്റോപ്പ്-മോഷൻ ചിത്രമായ ഫന്റാസ്റ്റിക് മിസ്റ്റർ ഫോക്സ് (2009), തുടർന്ന് മികച്ച രണ്ടാമത്തെ ഒറിജിനൽ തിരക്കഥയ്ക്കുള്ള നോമിനേഷൻ നേടിയ മൂൺറൈസ് കിംഗ്ഡം (2012) എന്നിവ അദ്ദേഹത്തിന്റെ അടുത്ത ചിത്രങ്ങളാണ്.

ദി ഗ്രാൻഡ് ബുഡാപെസ്റ്റ് ഹോട്ടൽ (2014) എന്ന ചിത്രത്തിന്, മികച്ച സംവിധായകനും മികച്ച ചിത്രത്തിനുമുള്ള ആദ്യത്തെ അക്കാദമി അവാർഡ് നോമിനേഷനുകൾ ലഭിച്ചു, കൂടാതെ മികച്ച മോഷൻ പിക്ചർ - മ്യൂസിക്കൽ അല്ലെങ്കിൽ കോമഡിക്കുള്ള ഗോൾഡൻ ഗ്ലോബ് അവാർഡും മികച്ച ഒറിജിനൽ തിരക്കഥയ്ക്കുള്ള ബാഫ്റ്റ അവാർഡും നേടി.

പിന്നീടുള്ള കൃതികളിൽ അദ്ദേഹത്തിന്റെ രണ്ടാമത്തെ സ്റ്റോപ്പ്-മോഷൻ ചിത്രമായ ഐൽ ഓഫ് ഡോഗ്സ് (2018) ഉൾപ്പെടുന്നു, ഇത് മികച്ച സംവിധായകനുള്ള സിൽവർ ബിയറും മറ്റൊരു മികച്ച ആനിമേറ്റഡ് ഫീച്ചർ നോമിനേഷനും നേടി, തുടർന്ന് ദി ഫ്രഞ്ച് ഡിസ്പാച്ച് (2021), ആസ്റ്ററോയ്ഡ് സിറ്റി (2023) എന്നിവയും ലഭിച്ചു. ദി വണ്ടർഫുൾ സ്റ്റോറി ഓഫ് ഹെൻറി ഷുഗർ (2023) എന്ന ചിത്രത്തിന് ആൻഡേഴ്സൺ മികച്ച ലൈവ് ആക്ഷൻ ഷോർട്ട് ഫിലിമിനുള്ള അക്കാദമി അവാർഡ് നേടി.




March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ARCHITECTURE AND WORLD CINEMA FILM FESTIVAL


# സ്വാതന്ത്ര്യത്തിന്റെ അംബരചുംബികൾ, വാസ്തുശിൽപിയുടെ വ്യക്തിത്വമാനങ്ങൾ



ഡോ. പി. അജികുമാർ
(ഫിൽക്ക)




ഹെൻറി ബ്ലാങ്ക് നിർമിച്ച്, കിങ് വിഡോർ സംവിധാനം ചെയ്ത് 1949 -ൽ പുറത്തിറങ്ങിയ ഒരു അമേരിക്കൻ ബ്ലാക് ആൻഡ് വൈറ്റ് ചിത്രമാണ് ഫൗണ്ടെൻ ഹെഡ്.ഗാരി കൂപ്പർ, പട്രീഷ്യ നീൽ, റയ്മ് മെസ്സി, റോബർട്ട് ഡഗ്ലസ്, കെന്റ് സ്മിത്ത് തുടങ്ങിയവർ അഭിനയിച്ച ഈ ചിത്രം 1943 ൽ ഇതേ പേരിൽ പുറത്തിറങ്ങിയ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട ഇയാൻ റാന്റിന്റെ നോവലിനെ അടിസ്ഥാനമാക്കിയുള്ളതാണ്. തന്റെ കലാപരവും വ്യക്തിപരവുമായ കാഴ്ചപ്പാടിൽ വിട്ടുവീഴ്ച ചെയ്യുന്നതിന് പകരം, അവ്യക്തതയിൽ പോരാടാൻ തീരുമാനിക്കുന്ന ഒരു വ്യക്തിത്വ വാദിയായ വാസ്തുശിൽപ്പി ഹോവാർഡ് റോക്കിന്റെ ജീവിതമാണ് സിനിമയിൽ.

പരമ്പരാഗതമായി ചിന്തിക്കുന്ന വാസ്തുവിദ്യാ സ്ഥാപനത്തിന്റെ എതിർപ്പ് അവഗണിച്ചു ആധുനിക വാസ്തുവിദ്യ രൂപകൽപനചെയ്യാൻ റോക് പോരാടുന്നു. തന്റെ പുരോഗതിയെ സഹായിക്കുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ വ്യക്തികളുമായുള്ള റോക്കിന്റെ സങ്കീർണ്ണമായ ബന്ധങ്ങൾ സിനിമയെ ഒരു റൊമാന്റിക് നാടകമായും ഒരു ദാർശനികകൃതിയായും മാറ്റുന്നു.

റോക്, നോവലിസ്റ്റ് റാൻഡിന്റെ കഥാപാത്രമായ, വാസ്തുശിൽപ്പിയായ മനുഷ്യാത്മാവിന്റെ മൂർത്തീഭാവമാണ്. വ്യക്തിത്വത്തിനും കൂട്ടായ്മയ്ക്കും ഇടയിലെ പോരാട്ടം. പൊതുജനങ്ങളുടെ കാഴ്ചപ്പാടിന് മുന്നിൽ സ്വന്തം കലാപരമായ പാത പിന്തുടരുന്ന ഒരു വ്യക്തിത്വ വാദിയായ വാസ്തുശിൽപിയാണ് ഹോവാർഡ് റോക് .

ദി ബാനർ എന്ന പത്രത്തിന്റെ വാസ്തുവിദ്യാനിരൂപകനായ എൽ സ്വെർത് ട്യൂഹേ റോക്കിന്റെ വ്യക്തിത്വത്തെ എതിർക്കുകയും അയാൾക്കെതിരെ ഒരു അച്ചടിക്കുരിശുയുദ്ധം നയിക്കാൻ സന്നദ്ധനാവുകയും ചെയ്യുന്നു.



സമ്പന്നനും സ്വാധീനമുള്ളവനുമായ പ്രസിദ്ധീകരണ വ്യവസായി ഗൈൽ വൈനാൻഡ് ഈ ആശയത്തെ അംഗീകരിക്കുന്നു. എന്നാൽ ബാനർ കോളം എഴുതുന്ന ഗ്ലാമെറസ് സോഷ്യലൈറ്റായ ഡോമിനിക് ഫ്രാങ്കോൺ റോക്കിന്റെ ഡിസൈനുകളെ അഭിനന്ദിക്കുകയും പത്രത്തിന്റെ പ്രചാരണത്തെ എതിർക്കുകയും ചെയ്യുന്നു.

ഭാവനയില്ലാത്ത  പീറ്റർ കീറ്റിങ്ങുമായി അവളുടെ വിവാഹനിശ്ചയം നടക്കുന്നു. അവൾ റോക്കിനെ ഒരിക്കലും കാണുകയോ പരിചയപ്പെടുകയോ ചെയ്തിട്ടില്ല. പക്ഷെ വ്യക്തിത്വത്തെ എതിർക്കുന്ന ഒരു ലോകത്തു അയാൾക്കു നാശമുണ്ടാകുമെന്ന് അവൾ വിശ്വസിക്കുന്നു. റോക് ക്രമേണ ഫ്രാങ്കോണുമായി  പ്രണയത്തിലാവുകയും കീറ്റിങ്ങിനെ ഒരവസരവാദിയായി തുറന്നു കാട്ടുകയും ചെയ്യുന്നു.

തന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ചു നിർമ്മാണം നടത്താൻ തയ്യാറുള്ള ഒരു ക്ലയിന്റിനെയും റോക്കിന് കണ്ടെത്താനാവുന്നില്ല. തന്റെ നിലവാരത്തിൽ വിട്ടുവീഴ്ചചെയ്യേണ്ടുന്ന അവസരങ്ങളിൽ നിന്നയാൾ അകന്നു പോകുന്നു.





ഒടുവിൽ ഫ്രാങ്കോണിന്റെ പിതാവിന്റെ ഉടമസ്ഥതയിലുള്ള ഒരു വേനൽക്കാല വസതിക്ക് സമീപമുള്ള ക്വാറിയിൽ ദിവസവേതനക്കാരനായി അയാൾ ജോലിയിൽ പ്രവേശിക്കുന്നു. അവധിക്കാലം ആഘോഷിക്കാനെത്തുന്ന ഫ്രാങ്കോൺ, റോക്കിനെ കാണുകയും അവർ പരസ്പരം ആകൃഷ്ടരാ വുകയും ചെയ്യുന്നു. അവളുടെ കിടപ്പു മുറിയിൽ വെളുത്ത മാർബിൾ നന്നാക്കാൻ റോക്കിനെ ഏൽപ്പിക്കാൻ പദ്ധതിയിടുന്നു. റോക് അവളുടെ വ്യാജ പ്രകടനത്തെ പരിഹസിക്കുന്നു.

ആദ്യ സന്ദർശനത്തിന് ശേഷം പണിക്കായി റോക് മറ്റൊരു തൊഴിലാളിയെ വിടുന്നു. പലപ്പോഴും തന്നെ പരിഹസിക്കുന്ന റോക്കിനെ ഫ്രാങ്കോൺ കുതിരച്ചാട്ടവാറാൽ മുഖത്തടിക്കുന്നു. പിന്നീട് റോക്ക് തുറന്ന കിടപ്പുമുറിയിൽ പ്രവേശിക്കുന്നു. അവളെ ബലമായി ആവേശത്തോടെ ചുംബിക്കുന്നു.

തന്റെ മുറിയിൽ ഒരു പുതിയ നിർമ്മാണ പദ്ധതിയുടെ വാഗ്ദാനകത്ത് കണ്ടെത്തുന്ന റോക് ക്വാറിയിൽ നിന്നും പോകുന്നു.താൻ ഒരുകാലത്തു പ്രശംസിച്ചിരുന്ന മിടുക്കനാ

യ വാസ്തു ശിൽപ്പി റോക്കാണതെന്നു ഫ്രാങ്കോൺ അറിയുന്നില്ല.അവളെ വിവാഹം കഴിക്കാൻ വൈനാൻഡ് വാഗ്ദാനം ചെയ്യുന്നു. പക്ഷെ അവൾ അവനുമായി പ്രണയത്തിലല്ല.

റോക് രൂപകൽപ്പന ചെയ്ത പുതിയ കെട്ടിട മായ എൻ റൈറ്റ് ഹൌസിന്റെ ഉദ്ഘാടന ചടങ്ങിൽവെച്ച് ഫ്രാങ്കോൺ, റോക്കിനെ പരിചയപ്പെടുമ്പോൾ നിരാശയോടെ അയാളുടെ യഥാർത്ഥ വ്യക്തിത്വം മന സ്സിലാക്കുന്നു.

റോക്കിന്റ അപ്പാർട്ടുമെന്റിൽ പോയി പൊതുജനങ്ങളുടെ അവഗണനയിൽ നിന്ന് സ്വയം രക്ഷപ്പെട്ടാൽ, വാസ്തുവിദ്യ ഉപേക്ഷിച്ചാൽ അവനെ വിവാഹം കഴിക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. റോക്ക് അവളുടെ ഭയ ത്തെ പരിഹസി ക്കുന്നു. ഈ ചിന്താഗതി മാറുന്നത് വരെ വർഷങ്ങളോളം തന്നിൽ നിന്നും അകലം പാലിക്കേണ്ടി വരുമെന്നും ഓർമ്മിപ്പിക്കുന്നു.

ഫ്രാങ്കോൺ ഒടുവിൽ വൈനാൻഡിനെ വിവാഹം കഴിക്കുന്നു. ഇതിനിടെ ഒരു വർക്കുമായി ബന്ധപ്പെട്ട് വൈനാൻഡും, റോക്കും സുഹൃത്തുക്കളാവുന്നു.






ഒരു വലിയ ഭവനപദ്ധതി നിർമ്മിക്കാൻ നിയോഗിക്കപ്പെട്ട കീറ്റിങ്, റോക്കിന്റെ സഹായം തേടുന്നു. അസൂയാലുവായ ടൂഹെ യുടെ പ്രേരണയോടെ പദ്ധതിയെ പിന്തുണയ്ക്കുന്ന സ്ഥാപനം കീറ്റിങ് അവതരിപ്പിച്ച റാക്ക് രൂപകല്പനയെ ഒരു വികൃത ഭീമാകാര രൂപമാക്കി മാറ്റുന്നു.

ഫ്രാങ്കോണിന്റെ സഹായത്തോടെ കെട്ടിടം നശിപ്പിക്കാൻ റോക് സ്ഫോടക വസ്തു ക്കൾ ശേഖരിക്കുകയും കെട്ടിടം തകർക്കുകയും അറസ്റ്റിലാവുകയും ചെയ്യുന്നു. റോക് പദ്ധതി രൂപകൽപ്പന ചെയ്തതാണെന്ന് സമ്മതിക്കാൻ ടൂഹേ കീറ്റിങ്ങിനെ സമ്മർദ്ദത്തിലാക്കുന്നു. അങ്ങനെ റോക് വിചാരണ നേരിടു കയും ബാനർ ഒഴികെയുള്ള എല്ലാ പത്ര ങ്ങളും അദ്ദേഹത്തെ പൊതു ശത്രുവായി ചിത്രീകരിക്കുകയും ചെയ്യുന്നു. വൈനാൻഡ് റോക്കിന് വേണ്ടി പരസ്യമായി പ്രചാരണം നടത്തുന്നു.സാക്ഷികളെ ആരെയും വിളിക്കാതെ റോക്ക് സ്വന്തം പേരിൽ കോടതിയെ സമീപിക്കുന്നു. ഒരു വാസ്തു ശിൽപിയുടെഅവകാശത്തെ ന്യായീകരിച്ചു നീണ്ട പ്രസംഗം നടത്തുന്നു. തനിക്കെതിരെയുള്ള കുറ്റങ്ങളിൽ റോക്ക് നിരപരാധിയാണെന്ന് കാണുന്ന വൈനാ ൻഡ് ഏറ്റവും വലിയ കെട്ടിട സ്വപ്നമായ വൈനാൻഡ് കെട്ടിടം രൂപകൽപ്പന ചെയ്യാ നും റോക്കിന് ഇഷ്ട്ടമുള്ളതുപോലെ

നിർമ്മിക്കാനുമുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നു. പശ്ചാത്താപത്താൽ വൈനാൻഡ് സ്വയം വെടിയുതിർക്കുന്നു. മാസങ്ങൾക്കു ശേഷം ഫ്രാങ്കോൺ വൈനാൻഡ്, കെട്ടിടത്തിന്റെ നിർമ്മാണസ്ഥലത്തു പ്രവേശിച്ചു . താൻ മിസ്സിസ് ഹൊവാർഡ് റോക്കാണെന്ന് പ്രസ്താവിക്കുന്നു. കെട്ടിട നിർമ്മാണ ലിഫ്റ്റിൽ അവൾ മുകളിലേക്കു പോകുന്നു. തന്റെ ഭർത്താവിനെ നോക്കുന്നു. ഹോവാർഡ് റോക്, അംബര ചുംബിയായ കെട്ടിടത്തിന്റെ മുകളിൽ വിജയശ്രീലാളിതനായി നിൽക്കുന്നിടത്തു ഫൗണ്ടെൻ ഹെഡ്നു യവനിക വീഴുന്നു. പ്രധാന കഥാപാത്രങ്ങളായ ഹോവാർഡ് റോക്കിനെ ഗാരി കൂപ്പറും,ഡോമിനിക് ഫ്രാങ്കോണിനെ പട്രീഷ്യ നീലും, ഗൈൽ വൈ നാൻഡിനെ റയ്മ് മെസ്സിയും, പീറ്റർ കീറ്റിങ്ങിനെ.. കെന്റ് സ്മിത്തും, എൽസ്വാർത് ടൂഹേയെ റോബർട്ട് ഡഗ്ളസ്സും അനശ്വരമാക്കുന്നു.

ആദ്യ റിലീസിൽ നെഗറ്റീവ് ആയ അവലോകനങ്ങൾ ലഭിച്ചെങ്കിലും ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിൽ ഈ ചിത്രം വീണ്ടും വിലയിരുത്തപ്പെടുകയും കൂടുതൽ സ്വീകാര്യത നേടുകയും ചെയ്തു.മനുഷ്യന്റെ വ്യക്തിപരമായ സത്യസന്ധത എല്ലാ നിയമങ്ങൾക്കും മുകളിലാണെന്ന പ്രമേയം ഈ ചിത്രം ഉയർത്തിക്കാട്ടുന്നു. മാർക്സിസ്റ്റ് തത്വചിന്തകനായ സ്ലാവോജ് സിസേക്ക് തന്റെ പ്രിയപ്പെട്ട അഞ്ചു സിനിമകളിൽ ഒന്നായി ഇതിനെ കാണുന്നു.ചലച്ചിത്ര നിരൂപകനായ ഇമ്മാനുവൽ ലെവി വളരെ ആസ്വാദ്യകരവും രസകരവുമായ ഫ്രോയിഡിയൻ മെലോഡ്രാമായെന്നു ഇതിനെ വിശേഷിപ്പിച്ചു. ഉറവയുടെ അഥവാ സ്രോതസ്സിന്റെ ഉദ്ഭവ സ്ഥാനം അല്ലെങ്കിൽ പ്രഭവകേന്ദ്രം എന്നർത്ഥം വരുന്ന ഈ ചിത്രം വ്യക്തിയും സമൂഹവും തമ്മിലുള്ള വ്യഷ്ടി സമഷ്ടി . പോരാട്ടത്തിന്റെ കഥയും അന്തിമ വിജയം വ്യക്തിത്വത്തിനായിരിക്കുമെന്നും അടിവരയിടുന്നു.

1926-ൽ സോവിയറ്റ് യുണിയനിൽ നിന്നുള്ള ഒരു കുടിയേറ്റക്കാരിയായി എഴുത്തുകാരിയായ ഇയാൻ റാൻഡ് ആദ്യമായി ന്യൂയോർക്കിൽ എത്തിയപ്പോൾ, മാൻഹട്ടൻ സ്കൈ ലൈനിലെ ഉയർന്ന അംബരചുംബിയായ കെട്ടിടങ്ങളിൽ അവർ ആകൃഷ്ടയായി. അവയെ സ്വാതന്ത്ര്യത്തിന്റെ പ്രതീകങ്ങളായി കണ്ട് അവയെക്കുറിച്ചെഴുതാൻ തീരുമാനിച്ചതിന്റെ ഫലമാണ് ഈ ക്ലാസ്സിക് ശിൽപ്പം.



# കിംഗ് വിദോർ : പുനരാവിഷ്കാരത്തിൽ ദീർഘവീക്ഷണമുള്ള സംവിധായകൻ



ഡോ.സി.കെ.അനിൽകുമാർ
(ഫിൽക്ക)



കിംഗ് വാലിസ് വിദോർ ഒരു ചലച്ചിത്ര നിർമ്മാതാവ് എന്നതിനേക്കാൾ വൈവിദ്ധ്യമായ കഴിവുകൾ കൊണ്ട് ലോകപ്രശസ്തനായ ഒരു ചലചിത്ര പ്രതിഭ യാണ്. നവീനാത്മകത, മാനവികത, കലാത്മക സമർപ്പണം എന്നിവയിലൂടെ സിനിമയെ മാറ്റിമറിച്ച ഒരു ദാർശനികൻ .

നിശ്ശബ്ദ - ശബ്ദ സിനിമാ കാലഘട്ടങ്ങളെ ഒരുപോലെ അതിജീവിച്ച അദ്ദേഹത്തിന്റെ 67 വർഷത്തെ കരിയർ, ഹോളിവുഡിൽ അനശ്വര സ്വാധീനം ചെലുത്തി എന്ന് തന്നെ പറയുന്നതിൽ ഒട്ടും അതിശ യോക്തിയില്ല.

അഭിനേതാക്കളുടെ മികച്ച പ്രകടനം പുറത്ത് കൊണ്ടുവരുന്നതിൽ പ്രശസ്ത നായ അദ്ദേഹം സംവിധാനം ചെയ്ത സിനിമകളിൽ നിന്നു പലരും അക്കാദമി അവാർഡുകൾക്കും നാമനിർദ്ദേശ ങ്ങൾക്കും അർഹരായി എന്നതിൽ നിന്ന് തന്നെ അദ്ദേഹത്തിന്റെ പ്രതിഭ നമുക്ക് മനസ്സിലാക്കാവുന്നതാണ്.

അഞ്ചുതവണ ബെസ്റ്റ് ഡയറക്ടർ വിഭാ ഗത്തിൽ അക്കാദമി അവാർഡിനായി വിദോറിനെ നാമനിർദേശിക്കപ്പെട്ടതിനു പുറമേ, 1979-ൽ ചലച്ചിത്ര ലോകത്തിന് നൽകിയ അതുല്യ സംഭാവനകൾ അംഗീ കരിച്ച് അദ്ദേഹത്തിന് അംഗീകൃത അക്കാ ദമി അവാർഡ് നൽകി ആദരിക്കുകയു മുണ്ടായി.

1894-ൽ ടെക്സസിലെ ഗാൽവെസ്റ്റണിലെ സമ്പന്നമായ ഒരു കുടുംബത്തിൽ ജനിച്ച വിദോറുടെ ബാല്യകാലം സമ്പത്തിന്റെ കയറ്റിറക്കങ്ങൾ അനുഭവിച്ച ഒരു കുടുംബമായിരുന്നു എന്ന് പറയാം. ആറ് വയസ്സുള്ളപ്പോൾ തന്നെ 1900-ലെ ഗാൽവെസ്റ്റൺ കൊടുങ്കാറ്റിന്റെ നാശം നേരിട്ട് അനുഭവിച്ച കണ്ടതിന്റെ ആഘാതം അദ്ദേഹത്തെ ജീവിതാന്ത്യം വരെ സ്വാധീനി ച്ചിരുന്നു. മനുഷ്യന്റെ പ്രതിരോധശേഷിയും പുനർനിർമ്മാണശക്തിയുമാണ് പിന്നീട് അദ്ദേഹത്തിന്റെ ചലച്ചിത്ര കഥകളി ലുടനീളം പ്രധാന പ്രമേയമാകുന്നത്.

ചെറുപ്പത്തിൽ തന്നെ ഫോട്ടോഗ്രഫിയിലും സിനിമയിലും നല്ല താൽപര്യമുള്ള ഒരു കുട്ടിയായിരുന്നു വിദോർ. 16.-ാം വയസ്സിൽ സ്വകാര്യ സ്കൂളിൽ നിന്നും പഠനം നിർത്തി, ഒരു തിയേറ്ററിൽ ടിക്കറ്റുകളെ ടുക്കാനും പ്രൊജക്ഷനിസ്റ്റായും ജോലിയാരംഭിച്ചു. 18 വയസ്സാകുമ്പോ ഴേക്കും, The Grand Military Parade എന്ന ആദ്യ ന്യൂസ്റീലിൽ നിന്നാണ് പ്രഥമ സിനിമ നിർമ്മാണം.

March Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
ARCHITECTURE AND WORLD CINEMA FILM FESTIVAL
KSFDC



## ഹോളിവുഡിലെ ആദ്യനേട്ടങ്ങൾ.

1915-ൽ, വിദോർ തന്റെ ഭാര്യ ഫ്ളോറൻസ് ആർട്ടോ വിദോറുമായി ഹോളിവുഡിലേക്ക് പോയി. ആദ്യദിവസങ്ങളിൽ, ചെറിയ വേഷങ്ങളിൽ അഭിനയിച്ചും തിരക്കഥാരചന ജോലികളും ചെയ്ത ശേഷം, അദ്ദേഹത്തിന് സിനിമ ഡയരക്ട് ചെയ്യാനുള്ള മികച്ച അവസരങ്ങൾ ലഭിച്ചു. The Turn in the Road (1919) എന്ന സിനിമയിലൂടെ അദ്ദേഹം ഒരു സംവിധായകനായി. ഒരു ക്രിസ്തീയ തത്വ
ചിന്തയുടെ അടിസ്ഥാനത്തിൽ നിർമ്മിച്ച ഈ ചിത്രം വലിയ വിജയം നേടിയതോടൊപ്പം, അദ്ദേഹത്തിന് സിനിമാ രംഗത്ത് നല്ല ഒരു തുടക്കമൊരുക്കി എന്ന് തന്നെ പറയാം.

ഫസ്റ്റ് നാഷണൽ സ്റ്റുഡിയോയുടെ സാമ്പത്തിക പിന്തുണയോടെ, വിദോർ തന്റെ സ്വന്തം സ്റ്റുഡിയോ ആയ Vidor Village ആരംഭിച്ചു. അതിനൊപ്പം, സിനിമ ഒരു മാനവിക ശക്തിയാകണമെന്നും കലയുടെ ഉന്നതതലങ്ങൾ മാത്രം നിർമിക്കണമെന്നും അദ്ദേഹം ഒരു പ്രഖ്യാപനം തന്നെ ഇറക്കി.

സങ്കൽപ്പങ്ങളുടെ ചട്ടക്കൂട് ഭേദിച്ച് പുതിയ വഴികൾ കണ്ടെത്തിയ പ്രതിഭ. വിദോർ വിവിധ ശൈലികളിലുള്ള സിനിമകൾ സംവിധാനം ചെയ്തു. ഓരോ കഥക്കും അനുയോജ്യമായ സങ്കേതങ്ങൾ അദ്ദേഹം സ്വീകരിച്ചു.

അദ്ദേഹത്തിന്റെ ആദ്യ വൻവിജയമായ **The Big Parade** (1925) ഒന്നാം ലോകയുദ്ധത്തിന്റെ നിഗൂഢതകളും തീവ്രതയും പ്രതിഫലി പ്പിച്ചിട്ടുള്ള ഒരു സിനിമയാണ്. ശബ്ദ സിനിമയിലെത്തിയ ശേഷം, **Northwest Passage** (1940), **Comrade X** (1940), **An American Romance** (1944), **Duel in the Sun** (1946) പോലെയുള്ള സിനിമകൾ അദ്ദേഹം സംവിധാനം ചെയ്തു. **The Wizard of Oz** (1939) -ൽ കാൻസസിലെ രംഗങ്ങൾ, ഒപ്പം **Over the Rainbow** എന്ന ഗാനരംഗവും വിദോർ ആവിഷ്കരിച്ചു.

അദ്ദേഹം ചിത്രീകരിച്ച പല സിനിമകളും സാമൂഹികമായ പ്രതിസന്ധികളെയും മനുഷ്യരുടെ പോരാട്ടങ്ങളെയും ആഴത്തിൽ പരിശോധിക്കുന്നതായിരുന്നു.



അദ്ദേഹത്തിന്റെ വെസ്റ്റേൺ ( കൗബോയ് ) ചിത്രങ്ങളിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംഘർഷം ശക്തമായി ദൃശ്യമാകാറുണ്ടാ യിരുന്നു. 1957-ൽ സ്ക്രീൻ ഡയറക്ടേഴ്സ് ഗിൽഡ് ലൈഫ് ടൈം അചീവ്മെന്റ് അവാർഡ് ലഭിച്ചു. 1962-ൽ ബെർലിൻ ഫിലിം ഫെസ്റ്റിവലിലും 1969-ൽ മോസ്കോ ഫിലിം ഫെസ്റ്റിവലിലും ജൂറി തലവനായി പ്രവർത്തിച്ചു.

അവസാന കാലം വരെ അദ്ദേഹം സിനിമ യ്ക്കായി പ്രതിജ്ഞാബദ്ധനായിരുന്നു. ഒരു മുഴുവൻ സമയ ചലച്ചിത്രകാരൻ. ഹോളിവുഡിലെ റൊമാന്റിക്ക് കഥകളി ലൊന്നായി കണക്കാക്കുന്ന കോളീൻ മൂറുമായുള്ള അദ്ദേഹത്തിന്റെ സ്നേഹ ബന്ധം, 40 വർഷത്തിനു ശേഷം 1963-ൽ പുനരാരംഭിക്കുകയും 1982-ൽ അദ്ദേഹം മരിക്കുമ്പോൾ വരെ തുടരുകയും ചെയ്തു.

കിംഗ് വിദോർ ഒരു പാഠപുസ്തകമാണ് . സിനിമക്ക് വേണ്ടിയുള്ള സമർപ്പണം വരും തലമുറകൾക്ക് ഒരു മാർഗദർശന മാണ്. തന്റെ ലക്ഷ്യത്തിന് വേണ്ടി ഏതു ത്യാഗം ചെയ്യുമ്പോഴും സാമൂഹ്യ പ്രതിബ ന്ധതയുള്ള ഒരു കലാകാരനെയും ഉയർന്ന മാനവികമൂല്യങ്ങളുള്ള ഒരു നല്ല മനുഷ്യ നെയും വിദോർ എന്ന ചലച്ചിത്രകാരനിൽ നമുക്ക് കാണാം.



# പ്രണയ ഗോപുരത്തിന്റെ ആദ്യാക്ഷരം



**വിനോദ്കുമാർ. പി**
(ഫിൽക്ക)




ഈഫൽ
ഫ്രഞ്ച് /2021 /
സംവിധാനം: മാർട്ടിൻ ബോർബുലോൺ

2021-ൽ പുറത്തിറങ്ങിയ ഒരു ഫ്രഞ്ച് റൊമാന്റിക് ചിത്രമാണ് ഈഫൽ . പാരീസിലെ പ്രധാന ആകർഷണ കേന്ദ്രമായ ഈഫൽ ടവറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അതിന്റെ ആർക്കിടെക്റ്റ് ആയ ഗസ്റ്റേവ് ഈഫലിന്റെ ഔദ്യോഗിക ജീവിതത്തോടൊപ്പം ഒരു സാങ്കൽപ്പിക പ്രണയകഥ കൂടി ചേർത്താണ് ഈ ചിത്രം അവതരിപ്പിച്ചിരിക്കുന്നത്.

1889-ൽ പാരീസിൽ നടക്കുന്ന വേൾഡ്സ് ഫെയറിനായി തന്റെ അടുത്ത നിർമ്മാണം എന്തായിരിക്കണമെന്ന് ഈഫൽ ആലോചിക്കുന്നതാണ് സിനിമയുടെ തുടക്കം. പാരീസിലെ തന്റെ പുതിയ മെട്രോ ടവർ സംരംഭത്തിന് പ്രചാരണം ലഭിക്കുന്നതിനായി, അദ്ദേഹം ഒരു പഴയ സുഹൃത്തും പത്രപ്രവർത്തകനുമായ അന്റോയിൻ ഡി റെസ്റ്റാക്കിനെ ബന്ധപ്പെടുന്നു.ഒരു പാർട്ടിയിൽ, ഈഫൽ റെസ്റ്റാക്കിന്റെ ഭാര്യയും തന്റെ പഴയ കാമുകിയുമായ അഡ്രിയാനെ കണ്ടുമുട്ടുന്നു. അവളുടെ ഓർമ യിൽ മനസ്സ് മാറിയ ഈഫൽ പെട്ടെന്ന് 300 മീറ്റർ സ്റ്റീൽ ടവർ നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

1860 കളിലെ തന്റെ പഴയ കാലം ഈഫൽ ഓർക്കുന്നു. ഗരോണിലെ അപകടകാരിയായ നദിക്ക് കുറുകെ ഒരു ഇരുമ്പ് പാലം പണിയുന്നതിനിടെ, നദിയിൽ വീണ ഒരു നിർമ്മാണ തൊഴിലാളിയെ രക്ഷിക്കാൻ ഈഫൽ മുങ്ങുന്നു. തുടർന്ന് കൂടുതൽ സുരക്ഷയ്ക്ക് വേണ്ടി മരം ആവശ്യപ്പെടാൻ ഒരു സമ്പന്നനായ പ്രാദേശിക ബിസിനസുകാരനായ ബർഗസിന്റെ അടുത്തേക്ക് ഈഫൽ പോകുന്നു. ബർഗസിന്റെ ധീരയായ മകൾ അഡ്രിയാനെ അങ്ങനെയാണ് ഈഫൽ പരിചയപ്പെടുന്നത്.



അവർ പ്രണയത്തിലാകുകയും ഒരു വികാരാധീനമായ ബന്ധം ആരംഭിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ബന്ധത്തെ അഡ്രിയാന്റെ മാതാപിതാക്കൾ എതിർക്കുകയും അവളെ അവിടെ നിന്നും മാറ്റുകയും ചെയ്യുന്നു.പുതിയ കാലത്തിൽ ഈഫൽ ടവറിനായുള്ള തന്റെ പദ്ധതികൾ സർക്കാരിനു മുന്നിൽ അവതരിപ്പിക്കുന്നതിൽ വിജയിച്ച ഈഫൽ അങ്ങനെ ടവറിന്റെ നിർമ്മാണം ആരംഭിക്കുന്നു.

വീണ്ടും അഡ്രിയാനോട് അടുക്കുന്ന ഈഫൽ ഒരു പാർട്ടിയിൽ, അവളോടൊപ്പം നൃത്തം ചെയ്യുകയും ഒരു ഹോട്ടലിൽ തന്നെ കാണാൻ ആവശ്യപ്പെടുകയും അവൾ അത് നിരസിക്കുകയും ചെയ്യുന്നു. അതേ സമയം റെസ്റ്റാക്ക് തന്നെ സംശയിച്ചുവെന്ന് അഡ്രിയാൻ മനസ്സിലാക്കുന്നു. ഈഫലിനോ ടുള്ള വിരോധം കാരണം, റെസ്റ്റാക്ക് ഒരു ഉന്നത പത്രപ്രവർത്തകനെന്ന സ്ഥാനം ഉപയോഗിച്ച് ടവറിനെതിരായ പൊതുജനാഭിപ്രായം അട്ടിമറിക്കുന്നു.

റെസ്റ്റാക്ക് ഈഫലിന് ശക്തമായ മുന്നറിയിപ്പ് നൽകുന്നു. മുഴുവൻ സംരംഭത്തെയും അനിശ്ചിതത്വം മൂടിവച്ചതോടെ, ടവറിലെ തൊഴിലാളികൾ പണിമുടക്കുന്നു.ഇതിനിടയിൽ അഡ്രിയാൻ ഈഫലിനെ സമീപിക്കുന്നു. 26 വർഷങ്ങൾക്ക് മുമ്പ് താൻ ഈഫലിനെ ഉപേക്ഷിച്ചുപോയതിന്റെ കാരണം പറയുന്നു. ഈഫലിനെ വിവാഹം കഴിക്കരുതെന്നും ഇനി ഒരിക്കലും കാണരുതെന്നും മാതാപിതാക്കൾ വിലക്കിയിരുന്നതായി അവൾ ഈഫലിനോട് വെളിപ്പെടുത്തുന്നു. അവന്റെ കൂടെ ജീവിക്കാൻ വീട്ടിൽ നിന്ന് ഓടി വേലി ചാടികടന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ ആഴമേറിയ ഇരുമ്പ് കമ്പിയിൽ വയർ തുളഞ്ഞു കയറി അവൾക്ക് പരിക്കേൽക്കുന്നു. അഡ്രിയാൻ എപ്പോഴും തന്നെ സ്നേഹിച്ചിരുന്നതായി ഈഫൽ മനസ്സിലാക്കുന്നു.

ടവറിനുള്ള ഫണ്ട് പിൻവലിക്കുമെന്ന് ബാങ്കുകൾ ഭീഷണിപ്പെടുത്തിയപ്പോൾ, ഈഫൽ സ്വന്തം സമ്പത്തിൽ നിന്ന് ടവറിനായി പണം നൽകുന്നു. ഈഫലിന്റെ ആത്മവിശ്വാസവും ഉപാധികളും കണ്ട് തൃപ്തരായ തൊഴിലാളികൾ സമരം അവസാനിപ്പിക്കുന്നു. പൂർത്തിയായ ടവറിന്റെ ആദ്യ നില അഡ്രിയാൻ സന്ദർശിക്കുന്നു.





അവളെ ജീവിതസഖിയാക്കാൻ ഈഫൽ കൊതിക്കുന്നു. പക്ഷേ പരുക്കേറ്റ അവളെ വിവാഹം കഴിച്ച് ആരോഗ്യ വതിയാക്കി സംരക്ഷിച്ച റെസ്റ്റാക്കിനെ ഉപേക്ഷിക്കാൻ അഡ്രിയാൻ തയ്യാറാവുന്നില്ല. ഈഫലുമായുള്ള ബന്ധം അവസാനി പ്പിച്ചില്ലെങ്കിൽ, ഈഫലിന്റെ പ്രശസ്തി നശിപ്പിക്കുമെന്നും ടവറിന്റെ പൂർത്തീകരണ സാധ്യത നശിക്കുമെന്നും മനസ്സിലാക്കിയ അവൾ റെസ്റ്റാക്കിനൊപ്പം നഗരം വിടാൻ തീരുമാനിച്ചതായി ഈഫലിനെ അറിയിക്കുന്നു.കോപാകുലനും ശക്തിയില്ലാത്തവനുമായ ഈഫൽ, ബോൾട്ടുകൾക്ക് പകരം റിവറ്റുകൾ ഉപയോഗിച്ച് ടവറിന്റെ നിർമ്മാണം പൂർത്തിയാക്കാൻ ഉത്തരവിടുന്നു. അങ്ങനെ അത് ആർക്കും ഒരിക്കലും പൊളിച്ചുമാറ്റാൻ കഴിയില്ല. അധികം

താമസിയാതെ തന്നെ ലോകമേളയ്ക്ക് മുമ്പ് ടവർ പൂർത്തിയാകുന്നു. മഹത്തായ ഉദ്ഘാടന വേളയിൽ, ആൾക്കൂട്ടത്തിനിട യിൽ അഡ്രിയാനെ ഈഫൽ കാണുന്നു. തന്റെ മാസ്റ്റർപീസ് പൂർത്തിയാക്കാൻ അവൾ എല്ലാം ത്യജിച്ചുവെന്ന് അറിഞ്ഞുകൊണ്ട് അയാൾ നെടുവീർപ്പിടുന്നു.

ടവറിന് മുകളിലുള്ള ഓഫീസിലെ തന്റെ ജേർണലിൽ, പൂർത്തിയായ ടവറിന്റെ ഒരു രേഖാചിത്രം ഈഫൽ വരയ്ക്കുന്നു. അതിന ടുത്തായി അഡ്രിയാന എന്ന പേര് എഴുതുന്നു.

അഡ്രിയാൻ എന്ന പേരിലെ ഇംഗ്ലീഷ് ആദ്യാക്ഷരമായ A എന്ന് ആയതിനാൽ അതിന്റെ ആകൃതിയിലുള്ള ഈഫൽ ടവറിനെ അവരുടെ പ്രണയത്തിന്റെ ഒരു സ്ഥിരം സ്മാരകമാക്കിക്കൊണ്ട് ചിത്രം അവസാനിക്കുന്നു. ●

# മാർട്ടിൻ ബോർബുലോൺ (ഈഫൽ)



രാജാംബിക എസ്.എസ്
(ഫിൽക്ക)

2021-ൽ പുറത്തിറങ്ങിയ ഫ്രഞ്ച് റൊമാന്റിക് ചിത്രമാണ് ഈഫൽ. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, 10,000 ടൺ ഇരുമ്പു കൊണ്ടു നിർമ്മിച്ച ഈ ഗോപുര ത്തിന്റെ ചരിത്രപരമായ വസ്തുതകളും യഥാർത്ഥ വിവരങ്ങളും എന്താണെന്ന് ഈ സിനിമയിലൂടെ കാണിച്ചു തരുന്നു.

ഇതിലേക്ക് എന്തുകൊണ്ട് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞുവെന്നത് ചരിത്രകാര ന്മാർ വ്യക്തമാക്കുന്നില്ല. പ്രണയിനിയെ വീണ്ടും കണ്ടപ്പോൾ മനസ്സ് മാറിയ ഈഫൽ, പെട്ടെന്ന് 300 മീറ്റർ സ്റ്റീൽ ടവർ നിർമ്മിക്കുന്നതിൽ യത്നിക്കുന്നു .

ടവറിനുള്ള ഫണ്ട് പിൻവലിക്കുമെന്ന് ബാങ്കുകൾ ഭീഷണിപ്പെടുത്തിയപ്പോൾ, ഈഫൽ സ്വന്തം സമ്പത്തിൽ നിന്ന് ടവറിനായി പണം നൽകുന്നു. ആത്മവിശ്വാസവും ഉപാധികളും കണ്ട് തൃപ്തരായ തൊഴിലാളി കൾ തുടർന്ന് പണി ചെയ്യാൻ സമ്മതിക്കുന്നു.

ഈഫൽ, ബോൾട്ടുകൾക്ക് പകരം റിവറ്റുകൾ ഉപയോഗിച്ച് ടവറിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നിശ്ചയിക്കുന്നു. അങ്ങനെയായാൽ അത് ആർക്കും ഒരിക്കലും പൊളിച്ചു മാറ്റാൻ കഴിയില്ല. ഈഫലിന് പലവിധ വിമർശന ങ്ങളും കളിയാക്കലുകളും നേരിടേണ്ടി വന്നു. പാരീസിലെ മഹത്തായ വിഡ്ഢിത്തം എന്നാണ് പലരും കളിയാക്കിയത്.

1979 ജൂൺ 27ന് ഫ്രെഡറിക് ബോർബുലോൺ എന്ന സിനിമാസംവിധായകന്റെ മകനായി മാർട്ടിൻ ഫ്രാൻസിൽ ജനിച്ചു. ഫ്രഞ്ച് ഫിലിം ഡയറക്ടറും സ്ക്രീൻ റൈറ്ററും ആയി. അദ്ദേഹം സംവിധാനം ചെയ്ത സിനിമകൾ ഡാഡി ഓർ മമ്മി (2015), ഡാഡി ഓർ മമ്മി 2 (2016), ഈഫൽ (2021), ദ ത്രീ മസ്കിറ്റിയേഴ്സ് ഡി ആർട്ടാഗ്നൻ (2023), ദ ത്രീ മസ്കിറ്റിയേഴ്സ് മിലാഡി (2023) എന്നിവയാണ്.



ആദ്യ ഷോർട്ട് ഫിലിം സെയിൽ ഹസാർഡ് (2003). രണ്ടാമത്തെ ഷോർട്ട് ഫിലിം എംപ്രൈസ് (2007) .അസിസ്റ്റന്റ് ഡയറക്ടർ ആയി, പിയറി ജെലിവെസ്റ്റ്സ് മൈ ലിറ്റിൽ ബിസിനെസ് (1999), റോളണ്ട് ജോസഫ്സ് (2000), മാത്യൂ കാസ്സോവിസ്റ്റ് ദ ക്രിംപ്സൺ റിവേഴ്സ് (2000), ബർട്രൻഡ് തവർണിയേഴ്സ് സെയ്ഫ് കണ്ടക്റ്റ് (2002), ജോനാതൻ ഡെമ്മെസ് ദ ട്രൂത്ത് എബൗട്ട് ചാർളി (2002), ജീൻ പോൾ റാപ്പനീസ് ബോൺ വോയേജ് (2002), ഫ്രെഡറിക് ആബർട്രീസ് സാൻ അൺറ്റോർണില്ലോ (2024), ദ ഹുക്ക് (2004) , ദ ജന്നെ ലാബ്രൽസ് കാസർ ടു ജൂക്സ് (2004) എന്നിവയിൽ പ്രവർത്തിച്ചു. 2023 - ൽ മാർട്ടിൻ ബോർബു ലോൺ, ആപ്രിൾ ടി വി. യ്ക്ക് വേണ്ടി ഒരു ടെലിവിഷൻ സീരീസ് ഒരുക്കുമെന്ന് അനൌൺസ് ചെയ്തിരുന്നു. ഫ്രാൻസിലെ പാരീസിൽ സ്ഥിതിചെയ്യുന്ന ഇരുമ്പു ഗോപു രമാണ് ഈഫൽ ഗോപുരം.

**1889 മുതൽ 1931 വരെ ലോകത്തെ ഏറ്റവും ഉയരം കൂടിയ മനുഷ്യ നിർമ്മിത വസ്തു എന്ന ബഹുമതി ഈ കെട്ടിടത്തിനു സ്വന്തമായിരുന്നു.1889 -ൽ ഫ്രഞ്ച് വിപ്ലവത്തിന്റെ നൂറാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ പ്രദർശനത്തിലാണ് ഗോപുരം ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഗുസ്താവ് ഈഫൽ ആയി രുന്നു ആർക്കിടെക്റ്റും സ്ട്രക്ചറൽ എഞ്ചിനീയറും.ഈഫൽ എന്ന ലോക പ്രശസ്ത പ്രണയ ഗോപുരത്തിന്റെ ആകൃതിയായ ഇംഗ്ലീഷ് അക്ഷരം 26A വന്നത് അദ്ദേഹത്തിന്റെ ആദ്യ കാമുകി യായ അഡ്രിനാ ബുർജസിനോടുള്ള ആദരവ് ആയിട്ടാണെന്നാണ് അനുമാനി ക്കുന്നത്.**


**11 ഓസ്കാർ അവാർഡുകൾ നേടിയ ഈ സിനിമ , നിശ്ചയദാർഢ്യത്തിന്റെയും സൗന്ദര്യ കൽപ്പനയുടെയും കഠിനാധ്വാനത്തിന്റെ യും ഓർമ്മപ്പെടുത്തലാണ്.**



# വാസ്തുകലയുടെ വ്യത്യസ്ത ലോകങ്ങൾ, സമാന്തര ബന്ധങ്ങൾ



**പി.എസ്. ജ്യോതിഷ് കുമാർ**
(ഫിൽക്ക)




പീറ്റർ ഗ്രീൻഅവേ രചനയും സംവിധാനവും നിർവഹിച്ച് 1987-ൽ പുറത്തിറങ്ങിയ ഒരു ചിത്രമാണ് ദി ബെല്ലി ഓഫ് ആൻ ആർക്കിടെക്റ്റ്. ബ്രയാൻ ഡെന്നെഹി യും ക്ലോ വെബ്ബും അഭിനയിച്ച ഈ ചിത്രം 1987-ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡി'ഓർ (ഗോൾഡൻ പാം) അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു.

ഗ്ലെൻ ബ്രാങ്കയും വിം മെർട്ടൻസും ചേർന്നാണ് ഇതിന്റെ ഒറിജിനൽ സംഗീതം നൽകി യിരിക്കുന്നത്.ഉത്സാഹഭരിതനും വിശദാംശ ങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവനുമായ ഒരു വാസ്തുശില്പിയായ സ്റ്റോർലി ക്രാക്ക്ലൈറ്റ് (ബ്രയാൻ ഡെന്നെഹി).

പതിനെട്ടാം നൂറ്റാണ്ടിലെ ഒരു മാസ്റ്റർ ബിൽഡർ ആയ, ഓവൽ ഘടനകൾക്ക് പേരുകേട്ട , എറ്റിയെൻ-ലൂയിസ് ബൗളിന് ഒരു വാസ്തുവിദ്യാ ആദരവ് അർപ്പിക്കുന്ന പ്രദർശനത്തിന് മേൽനോട്ടം വഹിക്കാൻ തന്റെ ഇളയ ഭാര്യ ലൂയിസയോടൊപ്പം (ക്ലോ വെബ്ബ്) അമേരിക്കയിൽ നിന്ന് റോമിലേക്ക് യാത്ര ചെയ്യുന്നു. ട്രെയിനിൽ പോകുന്ന വഴിയിൽ, സ്റ്റോർലിയും ലൂയിസയും വളരെ ആഗ്രഹിച്ച ഒരു കുട്ടിയെ ഗർഭം ധരിക്കുന്നു.

9 മാസത്തിനുള്ളിൽ അയാൾക്ക് കഠിനമായ വയറുവേദന അനുഭവപ്പെടുന്നു. ഓരോ തവണ ഭക്ഷണം കഴിക്കുമ്പോഴും അയാൾക്ക് അസഹനീയമായ വയറുവേദനയും ഛർദ്ദിയും അനുഭവപ്പെടാൻ തുടങ്ങുന്നു. ഭാര്യ തന്നെ വിഷം കൊടുക്കുകയാണെന്ന് പോലും അയാൾ കരുതുന്നു. മറ്റുള്ളവരുടെ പരിഹാസവും കേൾക്കേി വരുന്ന അയാൾ ചികിത്സക്ക് വിധേയനായി.

ഭാര്യ ഗർഭിണിയാകുകയും അതേസമയം ക്രാക്ക്ലൈറ്റിന്റെ എതിരാളിയായ വാസ്തുശില്പിയായ കാസ്പാസിയൻ സ്പെക്ക്ലറു



മായി (ലാംബർട്ട് വിൽസൺ) അവൾ ബന്ധത്തിലാകുകയും ചെയ്യുന്നു. തുടർന്ന്, ഒരുതരം സംതൃപ്തി ലഭിക്കാനായി കാസ്പാ സിയൻ സ്പെക്ലറുടെ സഹോദരിയോടൊപ്പം ക്രാക്ലൈറ്റ് ശയിക്കുന്നു. അവർ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുമ്പോൾ സ്പെക്ലർ കടന്നുകയറി, 'നിങ്ങളുടെ ഗർഭിണിയായ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഞാൻ ഏർപ്പെടുന്നത് പെർഫെക്റ്റ് ആണ്. കാരണം എനിക്ക് ഗർഭനിരോധന മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടതില്ല' എന്ന് പ്രഖ്യാപിക്കുന്നു. തുടർന്ന് ക്രാക്ലൈറ്റ് അയാളുടെ മൂക്കിൽ ഇടിക്കുന്നു. തുടർന്ന് 'എന്റെ വെളുത്ത തൂവാലയിൽ നിങ്ങളു ടെ രക്തം പുരട്ടരുത്.' എന്ന് സ്പെക്ലറുടെ സഹോദരി പറയുന്നു.

ഭാര്യയുടെ വികസിക്കുന്ന വയറിനോ ടും, അവളുടെ വിശ്വാസവഞ്ചനയോടും, ആവർത്തിച്ചുള്ള വയറുവേദനയോടുമുള്ള സ്റ്റോർലിയുടെ സമീപനം അതിശയക രവും അപകടകരവുമായ അവസ്ഥയിൽ എത്തുന്നു. തുടർന്ന്, ഭാര്യ, ഗർഭസ്ഥ ശിശു, പ്രദർശനം, ഒടുവിൽ സ്വന്തം ജീവൻ വരെ ക്രാക്ക്ലൈറ്റിന് നഷ്ടപ്പെടുന്നു. വയറ്റിലെ ക്യാൻസർ രോഗബാധിതനാണെന്നും മാസങ്ങൾ മാത്രം ജീവിക്കാൻ ശേഷിക്കുന്നു വെന്നും രോഗനിർണയം നടത്തിയ ക്രാക്ലൈറ്റിനെ ലൂയിസ ഉപേക്ഷിക്കുന്നു. ഇറ്റലിയിൽ എത്തി ഒൻപത് മാസങ്ങൾക്ക് ശേഷം, പ്രദർശനത്തിന്റെ ഉദ്ഘാടന ചടങ്ങിലാണ് ചിത്രം അവസാനിക്കുന്നത്. ഡയറക്ടറായി കാസ്പാസിയൻ സ്ഥാന മേൽക്കുന്നു . ലൂയിസ ടേപ്പ് മുറിക്കു ന്നത് ഉയർന്ന ബാൽക്കണിയിൽ നിന്ന് ക്രാക്ക്ലൈറ്റ് വീക്ഷിക്കുന്നു. തുടർന്ന്, ക്രാക്ക്ലൈറ്റ് ജനാലയിലൂടെ ചാടി മരിക്കുന്നു. വ്യത്യസ്ത കാലഘട്ടങ്ങളിലെ ഈ ണ്ട് വിലമതിക്കപ്പെടാത്ത വാസ്തു ശില്പി കളുടെ സമാനതകളാണ് ഈ സിനിമയിൽ കാണുന്നത്.

വാസ്തുവിദ്യ എന്ന കലയുടെ സൗന്ദര്യ- ദാർശനിക മാനങ്ങൾ ഈ ചിത്രം ഓർമ്മിപ്പിക്കുന്നു.

ഡെന്നിഹിയുടെ ശ്രദ്ധേയമായ പ്രകടനം ഈ ചിത്രത്തെ അവിസ്മരണീയമാക്കുന്നു. കൂടാതെ, ഗ്രീൻവേയുടെ വിശ്വസ്തനായ സച്ചാ വിയേണിയുടെ മനോഹരമായ ഛായാഗ്രഹണവും സിനിമയെ മനോഹ രമാക്കുന്നു. ●



# പീറ്റർ ഗ്രീനവേ



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി

1942 ൽ ബ്രിട്ടനിലെ വെയ്ൽസിൽ ജനിച്ച്, ചിത്രകലാ പഠനത്തിലൂടെ ചലച്ചിത്ര രചനയിലേക്ക് കടന്നുവന്ന പ്രശസ്ത ബ്രിട്ടീഷ് സംവിധായകനാണ് പീറ്റർ ഗ്രീനവേ.

ചിത്രകലാ പഠന കാലത്തുതന്നെ വിശ്വ ചലച്ചിത്രകാരന്മാരായിരുന്ന ബർഗ്മാന്റെയും ഗൊദാർദിന്റെയും അലൻ റെയ്നയുടെയും സിനിമകളുടെ ആരാധകനായിത്തീർന്നു. മ്യൂറൽ ചിത്രകലയിൽ പ്രാവീണ്യം നേടിയ പീറ്റർ ഗ്രീനവേ , ബ്രിട്ടീഷ് സർക്കാരിന്റെ കമ്യൂണിക്കേഷൻ വിഭാഗമായ സെൻട്രൽ ഓഫീസ് ഓഫ് ഇൻഫർമേഷനിൽ (COI) ഫിലിം എഡിറ്ററും ഡയറക്ടറുമായി ജോലിയിൽ പ്രവേശിച്ചു.

1965 മുതൽ 15 വർഷക്കാലത്തെ COI യിലെ പ്രവർത്തന കാലത്താണ് സ്വതന്ത്രമായി പരീക്ഷണ ചിത്രരചനയിലേക്ക് കടന്നത്. അതിനു മുൻപ് സെമിത്തേരികളുടെ കഥ പറയുന്ന Death of Sentiment എന്ന ഒരു docu fiction അദ്ദേഹം നിർമ്മിച്ചിരുന്നു. വാട്ടർലൂ സ്റ്റേഷനിലെ അവസാന ആവി വണ്ടികളെ പറ്റിയുള്ള TRAIN (1966), റോയൽ ഫെസ്റ്റിവൽ ഹാൾ പരിസരത്ത് ഭീഷണി നേരിട്ടു കൊണ്ടിരുന്ന മരങ്ങളെയോർത്തുള്ള TREE (1966) , Vertical Features Remake (1970), A Walk Through H (1979) എന്നിവ ഔദ്യോഗിക ജീവിത കാലത്ത് രചിച്ച പരീക്ഷണ ചിത്രങ്ങളാണ്. 1980 ൽ നിർമ്മിച്ച, ഒരു വിമാനാപകടത്തിൽ കൊല്ലപ്പെട്ട 92 പേരുടെ, വിമാനാവശിഷ്ടങ്ങളിൽ നിന്നു ലഭിച്ച അടയാളങ്ങളുടെ രേഖപ്പെടുത്തലായി മാറിയ THE FALLS പീറ്റർ ഗ്രീനവേയുടെ മുഴുനീള സിനിമാ ചരിത്ര യാത്രയുടെ തുടക്കമായിരുന്നു. The Draughtsman's Contract (1982), A Zed and Two Noughts (1985), The Belly of an Architect (1987) ,Drowning by Numbers (1988), The Cook, the Thief, His Wife & Her Lover (1989) എന്നിവ 80 കളിൽ അദ്ദേഹത്തെ പ്രശസ്തിയിലേക്കുയർത്തിയ സിനിമകളാണ്. Death of a Composer എന്ന പേരിൽ പത്ത് സംഗീതജ്ഞരെക്കുറിച്ചുള്ള ഒരു opera series ഉം ഗ്രീനവേയുടെതായി പുറത്തു വന്നിട്ടുണ്ട്. അതിൽ രണ്ടെണ്ണം മാത്രമാണ് ജീവിച്ചിരുന്നവർ. മറ്റ് എട്ടെണ്ണവും അദ്ദേഹത്തിന്റെ ഭാവനകളായിരുന്നു. സിനിമ കൾക്ക് പുറത്ത് വിവിധതരം മൾട്ടിമീഡിയ സംരംഭങ്ങളിലും പീറ്റർ ഗ്രീനവേ വ്യാപൃതനായി.

മിലാനിലെ സാന്റാ മറിയാ ചർച്ചിൽ ഡാവിഞ്ചിയുടെ The Last Supper എന്ന ചിത്രത്തിനുമേൽ ഡിജിറ്റൽ ഇമേജറിയും സംഗീതവും സംയോജിപ്പിച്ചു നടത്തിയ അവതരണം ശ്രദ്ധേയമായ ഒന്നായിരുന്നു. സിനിമയുടേയും ഓപ്പറേയുടെയും ചിത്രകലയുടേയും ഡിജിറ്റൽ ഇൻസ്റ്റലേഷനുകളുടേയും വ്യത്യസ്തമായ മേഖലകളിൽ 82 -ാം വയസ്സിലും തന്റെ പ്രതിഭയുമായി നിറഞ്ഞുനിൽക്കുന്ന പീറ്റർ ഗ്രീനവേ ഇപ്പോൾ ആംസ്റ്റർഡാം ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്.

(പ്രതികരണം)

# വിശ്വ ഡോക്യുമെന്ററി - ഹ്രസ്വചിത്ര രംഗത്തെ സ്ത്രീ സാന്നിധ്യം



ജോൺ തോമസ്
(ഫിൽക്ക)

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 26-30 തീയതി നടന്ന ലോക സിനിമ യും വനിതകളുടെ ലോകവും എന്ന തലക്കെട്ടോടു കൂടിയ ചലച്ചിത്ര മേളയിൽ വനിതകൾ സംവിധാനം ചെയ്ത മൂന്ന് ഫീച്ചർ ഫിലിമുകളോടൊപ്പം വിവിധ രാജ്യങ്ങളിൽ നിന്നുള്ള വനിതാ സംവിധായകരുടേതായ ഏഴ് ഡോക്യുമെന്ററി - ഹൃസ്വ- ചിത്രങ്ങളും പ്രദർശിപ്പിക്കപ്പെട്ടു.

ആദ്യമായി അവതരിപ്പിച്ച ഡോക്കുമെന്ററി ചിത്രം ഇറാനിയൻ സംവിധായിക ഷിറിൻ അഫ്റാന്റിന്റെ ടാസിയൻ ആയിരുന്നു. ഒറ്റപ്പെട്ടവർ എന്നാണ് ടാസിയൻ എന്ന പേർഷ്യൻ വാക്കിന്റെ അർത്ഥം. ഇറാൻ നേരിട്ട വലിയ പ്രകൃതി ദുരന്തങ്ങളിൽ ഒന്നായിരുന്നു 1990 ലെ ഏകദേശം 50,000 പേരുടെ ജീവനെടുത്ത, വടക്കൻ ഇറാനിൽ ഉായ ഭൂചലനം. നിലംപരിശായ വീടുകൾ അടക്കമുള്ള കെട്ടിടങ്ങളും നിരപ്പായി തീർന്ന ഭൂമിയും മരിച്ചവരുടെയും പരിക്കേറ്റവരുടെയും ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് ആലംബഹീനരായി തീർന്നവരുടേതുമായ വലിയൊരു സംഖ്യയും രാജ്യത്തിനും ലോകത്തിനും മുന്നിൽ ഒരു ചോദ്യചിഹ്നം പോലെ ഇറാനിൽ അന്നുണ്ടായിരുന്നു. ഈ ഭൂകമ്പത്തിൽ അച്ഛനും അമ്മയും സഹോദരങ്ങൾ അടക്കം ഏവരും മരണപ്പെട്ട ഒരു കുടുംബത്തിലെ രക്ഷപ്പെട്ട ഏക അംഗമായ മെഹ്ർനൂഷ് എന്ന വനിത, അതിജീവിതരും അംഗഭംഗം വന്നവരും എല്ലാം നഷ്ടപ്പെട്ടവരുമായവരെ സന്ദർശിച്ച് ഭൂകമ്പം നടന്ന ദിവസത്തെക്കുറിച്ചും നഷ്ടപ്പെട്ട ബന്ധുക്കളെക്കുറിച്ചും ഉള്ള അവരുടെ ഓർമ്മകളും അതിജീവനത്തിനുള്ള ശ്രമത്തിൽ ഇന്നവർ എവിടെ എത്തി നിൽക്കുന്നു എന്നത് സംബന്ധിച്ച വിവരങ്ങളും പകർന്നു തരുന്നതാണ് ഈ ഡോക്യുമെൻററി.

രണ്ടു കുടുംബങ്ങളിൽ അവശേഷിച്ച രണ്ടു പേർ അംഗഭംഗം വന്ന് വീൽ ചെയറിൽ അഭയം തേടിയ മധ്യവയസ്കരായ അവർ രണ്ടുപേരും വിവാഹം ചെയ്ത് തുടർന്നുള്ള തങ്ങളുടെ ജീവിതത്തിന് പരസ്പരം താങ്ങായി മാറുന്ന സന്തോഷകരമായ കാഴ്ചയും ഈ സിനിമ പ്രദാനം ചെയ്യുന്നു. ഭൂചലനം തുടരെ സംഭവിക്കുന്ന ഭൂപ്രദേശമെന്ന നിലയിൽ ശ്രദ്ധേയമായ ഇറാനിൽ തുടർന്നുാകുന്ന ഏറ്റവും വലിയ ഭൂചലനം 2003ലാണ് സംഭവിക്കുന്നത്. ഏതാണ്ട് 34,000 പേർ പടിഞ്ഞാറൻ ഇറാനിൽ നടന്ന ആ ഭൂചലനത്തിൽ മരിച്ചു. തന്റെ നാട്ടിൽ നടന്ന ഭൂകമ്പത്തിൽ അതിജീവിതർക്ക് സഹായി യായി മാറിയ മെഹർനൂഷ് പടിഞ്ഞാറൻ ഇറാനിൽ നടന്ന ഭൂകമ്പത്തിൽ പെട്ടവർക്ക് കൈത്താങ്ങായും സഹായിയായും എത്തുന്നുണ്ട്.

1990ലെ സർവനാശം വിതച്ച ഭൂകമ്പത്തിന്റെ പശ്ചാത്തലത്തിൽ വിഖ്യാത ഇറാനിയൻ സംവിധായകൻ അബ്ബാസ് കിയറൊസ്റ്റാമി നിർമ്മിച്ച ആൻഡ് ലൈഫ് ഗോസ് ഓൺ എന്ന ചിത്രം ഈ ഡോക്യുമെൻററിയിൽ പരാമർശിക്കപ്പെടുന്നുണ്ട്.

സിനിമ സംവിധായകനായ ഒരു അച്ഛനും അയാളുടെ മകനും കൂടി ഭൂകമ്പത്തിനടുത്ത ദിവസങ്ങളിൽ ഭൂകമ്പ ബാധിത പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത് ഞെട്ടിപ്പിക്കുന്ന നേർക്കാഴ്ചകൾ നമുക്ക് പകർന്നു തരുന്നതാണ് ആ ചിത്രം. യാത്രയ്ക്ക് ഉപയോഗിച്ച മഞ്ഞക്കാർ ഒരു സ്മരണ പോലെ ഈ ചിത്രത്തിൽ കാണാൻ കഴിയും. 2016ൽ അന്തരിച്ച അബ്ബാസ് കിയരൊസ്റ്റാമി എന്ന സംവിധായക പ്രതിഭയുടെ ഓർമ്മ പുതുക്കാൻ ഉതകുന്നത് കൂടിയാണ് ഈ ഡോക്കുമെന്ററി. അതു പോലെ തന്നെ ഈ ചിത്രത്തിൽ പരാമർശി ക്കപ്പെടുന്നുണ്ട് ജാഫർ പനാഹി എന്ന വിഖ്യാതനായ ഇറാനിയൻ സംവിധായകനും.

ഏതാണ്ട് ഡോക്യുമെൻററി സ്റ്റൈലിൽ നിയതമായ ഒരു സ്ക്രിപ്റ്റ് ഇല്ലാതെ ചിത്രീകരിച്ചു എന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള മികച്ച സിനിമകൾ നിർമ്മിച്ചിട്ടുള്ള സംവിധായകനാണ് ജാഫർ പനാഹി. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്നിടത്തെല്ലാം തന്നെ അവ എപ്രകാരമാണ് ജീവിച്ചിരിക്കുന്നവരെ ബാധിക്കുന്നതെന്ന് കാട്ടുന്ന ഹൃദയസ്പർശിയായ ഒരു ഡോക്യുമെൻററി ആണ് ടാസിയൻ. കിയൊറസ്റ്റാമി ചിത്രത്തിൻെറ തലക്കെട്ടിൽ പറയുന്നതു പോലെ എന്തെല്ലാം വിഘ്ന ങ്ങളും പ്രതിബന്ധങ്ങളും ഉണ്ടായാലും അവയെല്ലാം അതിജീവിച്ച് മനുഷ്യജീവിതം മുന്നോട്ടു പോകും, മുന്നോട്ടുപോകേണ്ട തായിട്ടുണ്ട് എന്ന സന്ദേശം നൽകുന്ന ചിത്രം.

ഈ ചിത്രം കണ്ടിരുന്നപ്പോൾ കേരളത്തിൽ വയനാട്ടിൽ സമീപകാലത്ത് ചില ഭവന ങ്ങളിൽ ഒരംഗത്തെ മാത്രം അവശേഷി പ്പിച്ചുകൊണ്ട് കടന്നുപോയ പ്രകൃതി ദുരന്തത്തെയും അതിനെ അതി ജീവിക്കുവാൻ കൂട്ടായി നടത്തുന്ന ശ്രമങ്ങളെയും ഓർക്കുവാൻ ഇടയായി.

ലിത്വാവാനിയയിലെ നാടോടി കല, സംസ്ക ാരം എന്നിവയെക്കുറിച്ച് ചിത്രീകരിക്കപ്പെട്ട ദൃശ്യഭംഗിയാർന്ന ഒരു പരീക്ഷണ ചിത്ര മാണ് മെറ്റായി. നാലു ഭാഗമായി ചിത്രീ കരിക്കപ്പെട്ട ഈ സിനിമയിലെ ഓരോ ഭാഗ വും വർഷത്തിലെ നാല് കാലങ്ങളിൽ ഓരോ ന്നിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. നൃത്തത്തിനും സംഗീതത്തിനും പ്രാധാന്യം കൊടുത്താണ് കലാലയ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഈ പരീക്ഷണ ചിത്രം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്.



ഈ ചിത്രത്തിൽ അവതരിപ്പിക്കപ്പെട്ട സംഗീത ശകലങ്ങളിൽ ഒന്നാണ് ഫിൽക്ക നടത്തുന്ന ഈ മേളയുടെ ശ്രദ്ധേയമായ സിഗ്നേച്ചർ ഫിലിമിന്റെ പശ്ചാത്തല സംഗീതമായി ഉപയോഗിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു.

അടുത്ത സിനിമ മിറാജ് എന്ന അർത്ഥം വരുന്ന മൊറിസിക്ക എന്ന ഇന്ത്യൻ (ആസ്സാമീസ്) സിനിമയാണ്. വന്ദന ദേബാശി ഷ് സംവിധാനം നിർവ്വഹിച്ച സിനിമയിൽ

ടിബറ്റിൽ ഉൽഭവിച്ച് പല നാടുകളിലൂടെ പല പേരുകളിൽ ഒഴുകി വരുന്ന ബ്രഹ്മപുത്ര നദീ തീരത്ത് ആസാമിൽ താമസിക്കുന്ന മൂന്നു സമുദായങ്ങളുടെ ചരിത്രമാണ് ഒരു വള്ളക്കാരന്റെ ദൃഷ്ടിയിലൂടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. മൂന്ന് നൂറ്റാണ്ടിലെ മനുഷ്യരുടെ രാഷ്ട്രീയവും ദൈനംദിന ജീവിത സംഭവങ്ങളും നദിയുമായി ഇഴ ചേർത്ത് ആവിഷ്കരിച്ചിരിക്കുന്നു.

റായെഹാ മൊസാഫാരിയൻ സംവിധാനം നിർവഹിച്ച ലാബെ ഗോഡ് എന്ന ഇറാനിയൻ സിനിമയിൽ നമ്മുടെ ഗദ പോലെ ഭാരമുള്ള ഒരു ഉപകരണം എടുത്ത് ചുഴറ്റുന്ന പരമ്പരാഗത ഇറാനിയൻ കായിക മത്സരയിനം കാണാം.

ആചാര വിലക്കും ദുർബലമായ സ്ത്രീ ശരീരത്തിന് ചേരാത്ത കായികാഭ്യാസം ആണ് ഇതെന്ന പുരുഷാധിപത്യപരമായ കാഴ്ചപ്പാടും കാരണം സ്ത്രീകൾക്ക് ഈ കായിക ഇനം പരിശീലിക്കുവാനോ മത്സരത്തിൽ പങ്കെടുക്കാനോ ആവില്ല. എന്നാൽ പുരുഷന്മാരെ അപേക്ഷിച്ച് കായികമായി തങ്ങൾ ഒട്ടും പിന്നിലല്ലെന്നും ഈ കായിക ഇനം അവതരിപ്പിക്കാൻ തയ്യാറാണെന്നും സമർത്ഥിക്കുന്ന അതിനു തയ്യാറെടുക്കുന്ന സ്ത്രീകളെ പ്രത്യേകിച്ചും ഒരു അമ്മയെയും മകളെയും ഈ സിനിമയിൽ കാണാൻ കഴിയും.

പുരുഷ കേന്ദ്രീകൃതമായ സമൂഹം ഏർപ്പെടുത്തിയ വിലക്ക് ലംഘിച്ചുകൊണ്ട് കുതിരയോട്ടത്തിൽ പങ്കെടുക്കുന്ന നായികയെ അവതരിപ്പിച്ച മർസി മെഷ്കിനിയുടെ ദി ഡേ ഐ ബിക്കേം എ വുമൺ എന്ന ഇറാനിയൻ ചിത്രത്തിൻെറ ഓർമ്മയുണർത്തി ഈ ഡോക്യുമെന്ററിയുടെ പല ഭാഗങ്ങളും. അടുത്തതായി അവതരിപ്പിക്കപ്പെട്ട ഗുൽനാസ് ഗലിമുള്ള സംവിധാനം ചെയ്ത റഷ്യൻ ചിത്രം മൊനിസിസ്റ്റോ ആയിരുന്നു.

റഷ്യയിലെ ബഷ്കീർ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന മെയ്യാഭരണത്തെ സംബന്ധിക്കുന്നതാണ് നിറപ്പകിട്ടാർന്ന ഈ ഡോക്യുമെന്ററി. സ്ത്രീകൾ കഴുത്തിലണിയുന്ന ഈ ആഭരണം പ്രാചീനമായ വിവിധതരം നാണയങ്ങളാൽ നിർമ്മിതമാണ്. സ്ത്രീകൾ ഇതൊരു രക്ഷാകവചം പോലെ കാണുന്നു. ഈ ആഭരണം തങ്ങൾക്ക് സുരക്ഷിതത്വം പ്രദാനം ചെയ്യുമെന്ന് അവർ വിശ്വസിക്കുന്നു. തങ്ങൾക്ക് സമൂഹത്തിൽ സാമ്പത്തികമായും പാരമ്പര്യമായും ഉള്ള സ്ഥാനം വെളിപ്പെടുത്താനും ഇത് ഉതകുമെന്ന് ബഷ്കീർ സമുദായക്കാർ കരുതുന്നു. മരിയ സ്ലാവേവ സംവിധാനം ചെയ്ത ബൾഗേറിയൻ ചിത്രമായ ഡാമോറാണ് തുടർന്ന് പ്രദർശിപ്പിക്കപ്പെട്ടത്.

ബൾഗേറിയൻ ജനതയുടെ വിശ്വാസം, മിത്തുകൾ, ആചാരങ്ങൾ എന്നിവയൊക്കെ വെളിപ്പെടുത്തുന്ന ഒരു ചിത്രമാണിത്. മനോഹരമായ ഫോട്ടോഗ്രാഫി ചിത്രത്തിൻെറ പ്രത്യേകതയാണ്.

അവസാനമായി പ്രദർശിപ്പിക്കപ്പെട്ട ഇറാനിയൻ ചിത്രമായ സോണിയ ഫർദ്ദി സംവിധാനം ചെയ്ത മോംസ് സ്പിരിറ്റിൽ കോമ സ്റ്റേജിൽ മരണക്കിടക്കയിലായിരിക്കുന്ന ഒരു അമ്മ അനന്തര തലമുറയ്ക്ക് പകർന്നു നൽകുന്ന ഓർമ്മകൾ, ആത്മവിശ്വാസം എന്നിവയൊക്കെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ●


Tasian
FORLORN
This Controllable Crowd
MORISIKA
Uho Te Uka
La Leyenda
KILENC HÓNAP
mom's spirit
Rukmini
MONISTO

വോള്യം -8 ലക്കം -136 മാർച്ച് 2025 മലയാളം - ഇംഗ്ലീഷ്

March Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

ARCHITECTURE AND WORLD CINEMA FILM FESTIVAL

KSFDC



# തണുത്തുറഞ്ഞ അഗ്നിപർവ്വതങ്ങൾ



സഞ്ജു കളപ്പുരയ്ക്കൽ
(ഫിൽക്ക)




ഡീപ് ഫ്രിഡ്ജ്
2024/ ബംഗാളി
സംവിധാനം - അർജ്ജുൻ ദത്ത

ഫെസ്റ്റിവലുകളും പുരസ്കാരങ്ങളും - ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ, ഇന്ത്യൻ പനോരമ, അജന്ത എല്ലോറ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, തേർഡ് ഐ ഏഷ്യൻ ഫിലിം ഫെസ്റ്റിവൽ, പൂനെ ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ, തൃശ്ശൂർ ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ, ബംഗളൂരു ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ.

2023 ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയിലാണ് ചിത്രം പ്രദർശിപ്പിക്കപ്പെട്ടത്. ജനുവരിയിൽ സൂര്യ ഫിലിം സൊസൈറ്റി സംഘം ഇന്ത്യൻ പനോരമയിൽ ഈ ചിത്രം പ്രദർശിപ്പിച്ചിരുന്നു.

കളേഴ്സ് ഓഫ് ഡ്രീം എന്റർടെയ്ൻമെന്റ് നിർമ്മിച്ച അർജുൻ ദത്ത സംവിധാനം ചെയ്ത ചിത്രമാണ് ഡീപ് ഫ്രിഡ്ജ. തനുശ്രീ ചക്രവർത്തിയും അബിർ ചാറ്റർജിയുമാണ് മുഖ്യ കഥാപാത്രമായി ഇതിൽ അഭിനയിച്ചിരിക്കുന്നത്.

ഡീപ് ഫ്രിഡ്ജ് എന്ന ചിത്രം അവരുടെ മൂടപ്പെട്ട വികാരങ്ങളുടെയും നിരന്തരമായ പോരാട്ടങ്ങളുടെയും പ്രതീകമാകുന്നു. വിവാഹമോചനം എന്നത്തേക്കാളും ഇന്നത്തെ സമൂഹത്തിന്റെ ഒരു പൊതു വിഷയമായി മാറി കൊണ്ടിരിക്കുന്നു. ദാമ്പത്യത്തിൽ സന്തുഷ്ടരല്ലാത്ത നിരവധി ദമ്പതികളെ നമുക്ക് ചുറ്റും കാണാൻ കഴിയും. കാലക്രമേണ അവർ വിവാഹ മോചനം എന്ന തീരുമാനത്തിലേക്കെത്തി ച്ചേരുന്നു.

എന്നാൽ ഒരു കാര്യം പലപ്പോഴും ഉത്തരം കിട്ടാത്ത ചോദ്യമായി തുടരുന്നു.പഴയ ബന്ധത്തിന്റെ സത്ത പൂർണ്ണമായും ക്ഷയിച്ചുപോകുന്നുണ്ടോ? അതോ ഹൃദയ ത്തിന്റെ ഉള്ളിൽ എവിടെയെങ്കിലും അത് എന്നെന്നേക്കുമായി നിലനിൽക്കുമോ?

മഴയുള്ള ഒരു സായാഹ്നത്തിൽ നഗരം മുഴുവൻ വെള്ളപ്പൊക്കത്തിൽ ആയ ഒരു ദിവസം സ്വർണവയുടെയും മിലിയുടെ യും മകനായ ടാറ്റായി രോഗബാധിതനായി കിടക്കുന്നു. വിവാഹമോചിതരായ അവന്റെ

മാതാപിതാക്കളായ സ്വർണവയും മിലിയും അഞ്ച് വർഷത്തിന് ശേഷം ആദ്യമായി വീണ്ടും നേരിട്ട് കാണുന്നു. വിവാഹ മോചനത്തിന് ശേഷം, കനത്ത മഴയും, അടിക്കടിയുള്ള പവർകട്ടും, ഇടയ്ക്കിടെ ചീത്തയാകുന്ന റഫ്രിജറേറ്ററും, ഉയർന്ന താപനിലയിൽ പനികൂടിക്കൊണ്ടിരിക്കുന്ന അവരുടെ മകനും മിലിയും സ്വർണവയുമൊക്കെയുള്ള പശ്ചാത്തലത്തിൽ, തിരിച്ചറിവിന്റെ വിവിധ ഘട്ടങ്ങളിലൂടെ ചിത്രം കടന്നു പോകുന്നു.

മിലിയുടെയും സ്വർണവയുടെയും വിവാഹ വാർഷിക ചടങ്ങുകളിലൂടെ കടന്ന് പോകുന്ന ചിത്രത്തിൽ ഇടയ്ക്കിടെ പെയ്തൊഴിയാത്ത മഴയുടെ സാന്നിധ്യത്തിലൂടെ അവരുടെ വിവാഹ മോചനത്തിന് ശേഷമുള്ള ജീവിതത്തിലെ സാഹചര്യങ്ങൾ കൂടി വ്യക്തമാക്കുന്നു. വളരെ സന്തോഷകരവും പ്രണയാർദ്രമായതുമായ സന്ദർഭത്തിലൂടെ കടന്നു പോകുന്ന ചിത്രത്തിൽ മദ്യലഹരിയിൽ ബോധം നഷ്ടമാകുന്ന സ്വർണവ, റോഞ്ച എന്ന പെൺകുട്ടിയുമായി ചുംബനത്തിൽ ഏർപ്പെടുന്നു. അപ്രതീക്ഷിതമായ ഈ കാഴ്ച മിലിയെ ആകെ തളർത്തുകയും അത് വിവാഹബന്ധം വേർപ്പെടുത്തുവാനുള്ള തീരുമാനത്തിലേക്ക് അവരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു . മുൻപ് മിലിയുടെ അമ്മ മറ്റൊരാളുമായി അടുപ്പത്തിൽ ആവുകയും അയാളോടൊപ്പം പോവുകയും ചെയ്തിരുന്നു. അതോടെ അവശനാകുന്ന മിലിയുടെ അച്ഛൻ മരണപ്പെടുന്നു. ഈ ദുരനുഭവം മിലിയെ പലപ്പോഴും വേട്ടയാടിയിരുന്നു. തന്റെ ജീവിതത്തിലും മൂന്നാമതൊരാളുടെ കടന്ന് വരവ് സ്വന്തം ദാമ്പത്യ ബന്ധത്തെ തകർക്കുമെന്ന് അവൾ ഉറച്ചു വിശ്വസിച്ചിരുന്നു. മറ്റൊരാളുടെ കടന്ന് വരവ് കുടുംബ ബന്ധങ്ങളെ എപ്രകാരം ശിഥിലമാക്കുന്നു എന്ന ആശയ




ചിത്രം വരച്ച് കാണിക്കുന്നു .വിവാഹ മോചനശേഷം അവർ അനുഭവിക്കുന്ന മനോവികാരങ്ങളിലൂടെയും ചിത്രം കടന്ന് പോകുന്നുണ്ട്. വിവാഹമോചനം നടക്കുമ്പോൾ അതിൽ പലപ്പോഴും ബലിയാടാകുന്നത് അവരുടെ കുട്ടികളാണ്. മാതാപിതാക്കളുടെ സ്നേഹം അന്യമാകുന്ന അവർ ഒരുപക്ഷെ അച്ഛന്റെയും അമ്മയുടെയും ഒത്തുചേരൽ പലപ്പോഴും ആഗ്രഹിച്ചു പോകാറുണ്ട്.

വിവാഹമോചനം എന്നത് സാഹചര്യങ്ങൾ കൊണ്ട് എടുക്കുന്ന തീരുമാനം ആണെങ്കിൽ കൂടി പലപ്പോഴും അതി നു ശേഷം ജീവിതത്തിൽ അവർ പല തരത്തിലുള്ള മാനസിക പിരിമുറുക്കങ്ങളും അനുഭവിക്കാറുണ്ട്.

ഡീപ് ഫ്രിഡ്ജ് എന്ന ചിത്രത്തിലൂടെ ഏറി വരുന്ന വിവാഹമോചനങ്ങളെയും അതിനു ശേഷം അവരുടെ ജീവിതത്തിൽ സംഭവിക്കുന്ന മനോവികാരങ്ങളെയും വ്യക്തമായി വരച്ച് കാട്ടുന്നു. പല ജീവിതങ്ങളും ശിഥിലമാക്കുന്ന പരപുരുഷ - സ്ത്രീ ബന്ധങ്ങളെക്കുറിച്ചും അതിന്റെ പരിണിതഫലത്തെ കുറിച്ചും ഉള്ള ഒരു അവലോകനമായി ഈ ചിത്രം നിങ്ങൾക്ക് പരിഗണിക്കാവുന്നതാണ്

# Changes brought about by Time In Architecture and Habitation.



**Aneesh Ravi**
(M.Ed student.
New B. Ed College Nellimoodu )

Today we see developmental changes in many areas of human life. The essence of any country is enhanced when development is based on cultural heritage combining the ideas of the human kind with technology to bring brilliant developments is unique to India. Such ideas have brought about no small changes in the field of habitation and architecture in human life. Let's see what changes have happened or what are the new perspectives on the habitation and architecture according to the social cultural and economic sector

Habitations are the smallest level of village settlement, important fir water planning, because they have relatively homogeneous needs. The term ' habitation ' refers to a place of abode and its physical environment. The habitation pattern of any community therefore is an indication of the practice or custom of any community with regard to the pattern of its place of abode.' The habitat of any community is a reflection of its culture.' The Integrated Management Information System database contains a large amount of water data for habitations.



Social factors like the history of the area, customs and traditions of the communities inhabiting the area and the social organization have adl direct and indirect influence on the habitations in the area.

Economic factors like the occupations of those inhabiting an area, their stage of economic development, the type of farming they are engaged in, also have their own role to play in patterning the habitation.The physical conditions include factors like topography, soil, water supply and other conditions which are by and large beyond the control of human being.

Architecture is the art and Science of designing and building structures, encompassing everything from houses to bridges and involves both the process of planning and the product of the built environment.

Indian architecture, a rich tapestry woven over millennia, showcases diverse styles influenced by religion, culture and geog-

raphy including Hindu temple architecture, Indo Islamic styles and regional variations like
Dravidian and Nagara styles.

Architecture in India is a powerful tool for expressing cultural identity, reflecting the traditions, beliefs and values of different regions amd communities. Architecture can reflect and reinforce social hierarchies and community structures as seen in the layout of villages, cities, and public spaces. Architectural heritage cites like Taj Mahal and forts, attract tourists, generating revenue for local economies and creating jobs in the tourism sector.

India faces a rapidly urbanizing population requiring a new perspective on habitation that prioritizes sustainable and inclusive development focusing on affordable housing resilient infrastructure and community participation especially in the face of climate change and urbanization challenges.Architecture in modern India mixes Indian and British architecture. Another important feature of architecture in modern Inda was Indo-Saracenic architecture. This style mixed India Islamic and European styles. The architect future scope is vast and allows us to choose our own career pathway.

Developments, new ways of thinking and new perspectives are essential. So this kind of innovation is welcome whether it is in terms of habitation and architecture. ●



# വാസ്തുവിദ്യയും സംസ്കാരവും



**നിമിഷ ഹെലൻ.എം.എസ്**

**ശാസ്ത്ര സംസ്കാരവും കലാ സംസ്കാരവും സമ്മേളിച്ച രൂപരീതികളുടെ നിർമിതിയാണ് വാസ്തു വിദ്യ.ശിൽപകല, ചിത്ര കല കൗശല നിർമാണം എന്നീ കലാനിർമിതികൾ പോലെ തന്നെ വാസ്തു വിദ്യയും മനുഷ്യഭാവനയുടെയും മൂല്യ സംസ്ക്കാരങ്ങളുടെയും പ്രത്യക്ഷ തെളിവുകളാണ്. Architects, architectura എന്നീ ലാറ്റിൻ വാക്കുകളിൽ നിന്നുമാണ് Architecture എന്ന പദമുണ്ടായത്.**

**പാറകളിലും ഗുഹകളിലും അസ്ഥിരവസംനയിച്ചിരുന്നു പ്രാചീന മനുഷ്യൻ നവീന ശിലായുഗത്തിനു ശേഷമാണ് അഭയ കേന്ദ്രം പ്രാഥമിക ആവശ്യമായി തോന്നി തുടങ്ങിയത്.പുല്ല്,തടി, മുള പോലുള്ള പ്രകൃതി ദത്ത വസ്തുക്കൾ കൊണ്ട് നിർമിച്ച പാർപ്പിടങ്ങളാണ് ആദിമ മനുഷ്യനിർമികൾ. കൂട്ടമായു ള്ള താമസവും വർധിച്ച ജനസംഖ്യയും ചക്രം,കലപ്പ പോലെയുള്ള സാങ്കേതികതകളും വാസ്തു നിർമിതികളാലുള്ള ആസൂത്രി തമായ നാഗരികതയുടെ ആവിർഭാവത്തിനു വഴിതെളിച്ചു. ഇങ്ങനെ വളർന്നു വന്ന നാഗരിക സംസ്കാരങ്ങൾ വാസ്തു നിർമിതികളോട് ചേർത്ത് അറിയപ്പെടാനും തുടങ്ങി.**

**ഇജിപ്ഷ്യൻ സംസ്കാരത്തിലെ പിരമിടുകൾ മെസൊപ്പൊട്ടോമ്യൻ സംസ്ക്കാരത്തിലെ സ്ഫിംഗ്സഹാരപ്പൻ സംസ്കാരത്തിലെ അഴുക്കു ചാൽ നിർമിതി** എന്നിവ അവയിൽ ചിലതാണ്. ക്ലാസിക്കൽ, നിയോക്ലാസിക്കൽ വാസ്തുവിദ്യകൾ ഗോഥിക്- നിയോ ഗോഥിത് വാസ്തവിദ്യകൾ നവോത്ഥാന-നളവാത്ഥാന അനു വാസ്തുദ്യകൾ പശ്ചാത്യ - പുരസ്ത്യ വാസ്തുവിദ്യകൾ മത - ഗ്രഹ വാസ്തുവിദ്യകൾ എന്നിങ്ങനെ മാറിമറിഞ്ഞും പരിഷ്കരിക്ക പ്പെട്ടും നിരവധി വാസ്തു വിദ്യ മാതൃകകൾ നിലനിൽക്കുന്നു.

## ഇന്ത്യൻ വാസ്തു വിദ്യ

ഇന്ത്യൻ വാസ്തു വിദ്യകളിൽ ഏറ്റവും പ്രശസ്തമായത് ലോകാത്ഭുതം എന്ന് വിശേഷിപ്പിക്കുന്ന താജ്മഹൽ ആണ്. ഇന്ത്യൻ വാസ്തു വിദ്യ; ചരിത്രം,അത്മീയത, ദേശീയത എന്നിവയുടെ സംസ്ക്കാരങ്ങളിൽ വേരുന്നിയവയാണ്. ബുദ്ധമത ശൈലിയിലുള്ള സാഞ്ചി സൂപം, പുരാതന കാലഘട്ടത്തെ സ്മരിപ്പിക്കണെ അജന്ത എല്ലോറ ഗുഹകൾ ദ്രാവിഡ വാസ്തു വിദ്യയുടെ മധുര മീനാക്ഷി ക്ഷേത്രം, കൊണാർക്ക് സൂര്യക്ഷേത്രം. ഹുമയൂണിന്റെ ശവകുടീരം എന്നിവ ചില ഉദാഹരണങ്ങളാണ്. ഇന്ന് Architecture ഇന്ത്യയിൽ അഭ്യസിക്കാവുന്ന തൊഴിലധിഷ്ഠിത പാഠ്യവിഷയമാണ്.

## സംസ്ക്കാരത്തെ നിർണയിക്കണ വാസ്തുവിദ്യകൾ

വാസ്തു നിർമിതികൾ കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന ശാസ്ത്ര സാങ്കേതികതയുടെയും സാംസ്കാരിക മൂല്യങ്ങളുടേയും സൃഷ്ടിയാണ്.ഈജിപ്റ്റിലെ പിരമിഡും മമ്മിയും മെസൊപ്പൊട്ടോമ്യായിലെ സ്ഫിംഗ്സും മാലിന്യസംസ്ക്കരണവും പുരാതന കാലഘട്ടത്തിലെ സംസ്കാരത്തെ നിർവചിക്കുന്നു:

പുരാതന കാല മനുഷ്യനും ഇന്നത്തെ കാലത്തിനു സമാന്തരമായുള്ള പുരോഗമന പുരോഗതികൾ ഉണ്ടായിരുന്നു:. ശിൽപകല, ചിത്രകല, നഗരാസൂത്രണം ചെയ്യൽ എന്നിവ പുരാതന കാലം മുതൽ അറിയാമായിരുന്നു.

മരണാനന്തരവും വ്യക്തിക്കു നൽകുന്ന ബഹുമാനം, ആചാരം, വിശ്വാസം എന്നിവയും മൃതദേഹം കേടുകൂടാതെ സൂക്ഷിക്കാനും ഈ അറിവും പുരാതന ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ പ്രത്യേകതയാണ്.

ഗണിത ശാസ്ത്ര ബോധം, ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള അറിവ് എന്നിവ പിരഡ് എന്ന ഒറ്റ നിർമിതിയിൽ നിന്ന് മനസിലാകും

വാസ്തു നിർമിതികളേടെ പുറകിലുള്ള മനുഷ്യാധ്വാനം,ജനസംഖ്യ,കാലഘട്ടം നിർമാണാദ്ദേശ്യം എന്നിവ വിശകലനം ചെയ്താൽ തന്നെ ആ കാലഘട്ടത്തിന്റെ സംസ്കാരിക സവിശേഷതകൾ എന്തായിരുന്നു എന്നു മനസ്സിലാക്കാൻ സാധിക്കും.

## വാസ്തു വിദ്യയുടെ സാംസ്കാരിക മാനങ്ങൾ

അഭിമാന ബോധത്തിന്റെ സതംഭമായി നിലകൊള്ളുന്ന പ്രതീകങ്ങളിലൊന്നാണ് 'വാസതുവിദ്യ' . സംസ്കാരിതയുടെ സവിശേഷതകളായ മതം, ആത്മിയത, നാഗരികത, സാങ്കേതിക വിദ്യ, മൂല്യങ്ങൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടാണ് വാസ്തു ശിൽപ മാതൃകകൾ നിർമിക്കപ്പെടുന്നത്.അന്തസിന്റെ ബാഹ്യമോടിയായി വിലയിരുത്തുന്ന വാസ്തു വിദ്യയുടെ നാഗരിക വീക്ഷണം കെട്ടിടനിർമിതികളെ ഏറ്റവും മികച്ചതും വ്യത്യസ്തവും ഉന്നത സംസ്കാരിക നിലവാരം പുലർത്തും വിധമാകാൻ പ്രേരിപ്പിക്കുന്നു. കുടിയേറ്റ പ്രവാസങ്ങൾ സംയോജിപ്പിച്ച സംസ്കാരങ്ങളുടെ മിശ്രിതം വാസ്തു നിർമാണരീതികൾക്ക് മറ്റൊരു സാംസ്ക്കാരിക മാനം നൽകുന്നു. ഇത് മനസിലാക്കുവാൻ കേരളത്തിൽ നിന്നും ഗൾഫ് പശ്ചാത്യ നാടുകളിലേക്ക് കുടിയേറിയവരുടെ നിലവിലെ പാർപ്പിടവും പഴയ പാർപ്പിടങ്ങളും താരതമ്യം ചെയ്താൽ മതിയാകും.

കാലഘട്ടത്തിന്റെ ആരംഭവും അവസാനവും മനസിലാക്കപ്പെടുന്നത് പുതിയ മനോഭാവ മൂല്യങ്ങളും പുതിയ സാങ്കേതിക വിദ്യയുടെ വ്യാപനവും സംഭവിക്കുമ്പോഴാണ്. വാസ്തു വിദ്യയുടെ ചരിത്ര ത്തിലും ഇവ പ്രേരക ഘടകങ്ങളാണ് . കെട്ടിട നിർമാണ സാമഗ്രികളുടെ ലഭ്യത,ഗുണമേന്മ , രൂപം എന്നിവകളിലുണ്ടാകുന്ന സാങ്കേതിക പുരോഗതികൾ കെട്ടിട നിർമാണത്തിലും രൂപഘടനയിലും മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

## കേരളീയ വാസ്തു വിദ്യ

ദ്രാവിഡ വാസ്തു ശൈലിയുടെ സ്വാധീന മുള്ള കേരളീയ വാസ്തുവിദ്യയുടെ ആദ്യ കാല വാസ്തു പ്രമാണഗ്രന്ഥങ്ങൾ മനുഷ്യാലയ ചന്ദ്രിക, തന്ത്ര സമുച്ചയം . തച്ചുശാസ്ത്രം എന്നിവയാണ്. രണ്ടുതരം വാസ്തു വിദ്യകളാണ് കേരളത്തിലുള്ളത്
1. ക്ഷേത്ര നിർമാണ വാസ്തുവിദ്യയും
2. ഗൃഹ നിർമാണ വാസ്തുവിദ്യയും.
ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂരമ്പലം, തലശ്ശേരികോട്ട,ബേക്കൽ കോട്ട, എടക്കൽ ഗുഹ, നേപ്പിയർ മ്യൂസിയം, വാരിക്കാശ്ശേരി മന, മട്ടാഞ്ചേരി കൊട്ടാരം, ചേരമാൻ ജുമാമസ്ജിദ്, എന്നിവ എടുത്തു പറയാവുന്ന കേരള വാസ് വിദ്യയുടെ കൗതുകങ്ങളാണ്.കേരളത്തിലെ ആദ്യ University പാളയത്തുള്ള കേരളയും ആദ്യ കോളേജ് കോട്ടയത്തുള്ള CMS ഉം ആദ്യ womens college തിരുവനന്തപുരവും എറണാകുളത്തുള്ള മഹാരാജാസ് college എന്നിവ ഇന്നും സംരക്ഷിച്ചു പോരുന്ന വിദ്യാലയ വാസ്തു വിദ്യ നിർമിതികളിൽ ചിലതാണ്.

## സിനിമകളിലെ കേരളീയ വാസ്തു വിദ്യ പ്രതിനിധാനം


സകല കലാ സംസ്ക്കരങ്ങളെയും ദൃശ്യവത്കരിക്കുന്ന കലയാണ്.സിനിമ. ആദ്യകാല മലയാള സിനിമകൾ മുതൽ ഇങ്ങോട്ട് ഗൃഹാതുരത്വം നിറഞ്ഞു നിൽകുന്ന സിനിമ ദൃശ്യങ്ങളുടെ പശ്ചാത്തലം സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കിയാൽ കേരളിയ ഗൃഹ നിർമാണ രാസ്തുവിദ്യകളിലുണ്ടായ പരിണാമം കാണാം. 1950 കളിൽ കേരളത്തിലെ ദരിദ്രഭവനങ്ങൾ ഓല മേഞ്ഞവയായിരുന്നു എന്ന് 1956 പുറത്തിറങ്ങിയ ചെമ്മീൻ സിനിമ കണ്ടാൽ അറിയാം . തച്ചനും തച്ചു ശാസ്ത്രവും ആദ്യമായി മലയാള സിനിമയിൽ അവതരിപ്പിച്ച എം. ടി. വാസുദേവൻ നായർ സംവിധാനം ചെയത പെരുന്തച്ചനിലാണ്. സാഹിത്യത്തിലും വാസ്തുവിദ്യയുടെ അംശം എം.ടി 'നാലുകെട്ട് 'എന്ന തന്റെ നോവലിൽ ആവിഷ്കരിച്ചു. 1990 മുതൽ 2010 വരെ പുറത്തിറങ്ങിയ ദ്രോണാ, മണിച്ചിത്രത്താഴ്, എന്ന് സ്വന്തം ജാനി കുട്ടി, മാന്ത്രികൻ, തുടങ്ങി നിരവധി സിനിമകളുടെ പശ്ചാത്ത ല രംഗങ്ങളിൽ നാലുകെട്ട് എന്ന വാസ്തു വിദ്യ നിർമിതി ഉണ്ട്. 2015 നു ശേഷം പുറത്തിറങ്ങിയ 'ന്യൂജെൻ സിനിമകൾ ' എന്നു വിശേഷിപ്പിക്കുന്ന ഭൂരിഭാഗം സിനിമയുടെയും പശ്ചാതലത്തിൽ ഫ്ളാറ്റ് സമുച്ചയങ്ങളാണ് കൂടുതൽ. മാറിവരുന്ന കാലഘട്ടവും ജീവിത രീതി സംസ്ക്കാരങ്ങളും വസ്തുവിദ്യ നിർമിതികളും പരസ്പരം സ്വാധിനിക്കുന്നതെങ്ങനെ എന്നറിയാൻ സിനിമകളുടെ പശ്ചാത്തല വിശകലനം തന്നെ ധാരാളം.!



# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !





ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും


Vinod Kumar

Film Vision Monthly March 2025.Rs 2/-RNI-KER/BIL/2002/8043

| Membership | | | Payment to: | |
|---|---|---|---|---|
| Annual | : | 500/ | Name : FILCA | Reg No. T-1665/1999 |
| Students | : | 150/ | A/C 5700 118 1947 | www.filca.in |
| Life (10 Years) | : | 3000/ | State Bank of India | E-mail: filcakerala@gmail.com |
| | | | Branch : Poojappura | Ph. 80890 36090 |
| | | | IFSC SBIN 0070032 | |




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




★ 13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

CHIEF EDITOR : DR. B. RADHAKRISHNAN * CHIEF ASSOCIATE EDITOR: RAJAMBIKA S.S*.
ASSOCIATE EDITOR: DR. LALITHA GOURI *SUB EDITORS : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN.* DESIGN: SHAJI CAD * CIRCULATION: VINODKUMAR. P. *
EDITOR AND PUBLISHER: DR. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com